"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

## സാന്ത്വനപ്രകാശമേ, നയിച്ചാലും

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

Vol. LX | FEBRUARY 2010 | No. 2




## ഉൾത്താളുകളിൽ...

വിയാനി ചിന്തകൾ -85
സർക്കുലർ-81 -89
കച്ചേരിക്കാര്യം -92
സർക്കുലർ-82 -96
സർക്കുലർ -99
തിരുബാലസഖ്യദിനം -104
ലേഖനം -107
പൗരോഹിത്യ ചിന്തകൾ -113
കൺവൻഷൻ സംഭാവന -121
അറിയിപ്പുകൾ -123
വാർത്തകൾ -125
നിര്യാതയായി -138
പാവനസ്മരണ -139
Prayer day -140
Diary -141
Bishop's Engagements -146

# വിയാനി ചിന്തകൾ - 7



മാർ ജോസഫ് കല്ലറങ്ങാട്ട്

1. ദൈവത്തിനുവേണ്ടിയും ലോകത്തിനുവേണ്ടിയും ഒരേ സമയം ആയിരിക്കുക അസാധ്യമാണെന്ന് ഈശോമിശിഹാ വ്യക്തമായി നമ്മോടു പറയുന്നു. എന്തുകൊണ്ടെന്നാൽ, എപ്പോഴാണോ നമ്മൾ ഒന്നിനെ പ്രീതിപ്പെടുത്താൻ അഭിലഷിക്കുന്നത് അപ്പോൾ അതിന്റെ ശത്രുവായിത്തീരുന്നു.

2. ഒരാൾ ആരെയെങ്കിലും സ്നേഹിക്കുമ്പോൾ ആ വ്യക്തിയുടെ ഏതെങ്കിലും ഒരു ഓർമ്മയായി ഉണ്ടായിരിക്കുക എന്നത് വലിയ സന്തോഷമാണ്. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാമറിയത്തെ നമ്മൾ സ്നേഹിക്കുന്നുവെങ്കിൽ നമ്മുടെ ഭവനത്തിൽ അവളുടെ ഏതെങ്കിലും ഒരു ചിത്രമോ രൂപമോ ഉണ്ടായിരിക്കുകയെന്നത് നമ്മുടെ ചുമതലയും ആനുകൂല്യവുമാണ്. അത് സമയാസമയങ്ങളിൽ അവളെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നു.

3. സുവിശേഷപ്രഘോഷകനെ നാം ഇഷ്ടപ്പെടുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പ്രസംഗം നാം ശ്രദ്ധിക്കും. മാനുഷികമായി നമ്മൾ അപ്രകാരം പ്രവർത്തിക്കാൻ പാടില്ല. പുറംചട്ടയല്ല നാം നോക്കേണ്ടത്.

4. വി. കുർബാനയിൽ ഭക്തിപൂർവ്വം തുടർച്ചയായി പങ്കെടുക്കുന്നതിൽ നമുക്കു സന്തോഷമുണ്ടെങ്കിൽ നമ്മൾ ആദ്ധ്യാത്മികമായും കൂടുതൽ അനുഗ്രഹം പ്രാപിക്കും; കൂടാതെ നമ്മുടെ ഭൗതികകാര്യങ്ങൾക്കുപോലും എന്ന് ഒരു വിശുദ്ധൻ ഞങ്ങളോടു പറഞ്ഞു.

5. ദൈവത്തിന് സമർപ്പിക്കാതെ നമ്മൾ ചെയ്യുന്നതെല്ലാം ഉപയോഗശൂന്യമാണ്.

6. ദൈവത്തെ സ്നേഹിക്കുകയെന്നാൽ നമ്മുടെ ചുമതലകളുടെ ഒരു ഭാഗം പൂർത്തിയാക്കുന്നതിൽ വിശ്വസ്തരായിരിക്കുകയും മറ്റുള്ളവയെ അവഗണിക്കുകയും ചെയ്യുക എന്നതല്ല.

7. എളിമയുള്ളവരായിരിക്കുക; ലാളിത്യമുള്ളവരായിരിക്കുക. നീ എന്തു മാത്രം കൂടുതൽ അപ്രകാരമായിരിക്കുന്നുവോ അത്രമാത്രം കൂടുതൽ നന്മ നീ ചെയ്യും.

8. ഈശോമിശിഹായോട് തങ്ങളുടെ കടങ്ങൾ തുറന്നുപറഞ്ഞ വളരെക്കുറച്ചു പേരെ മാത്രമേ സുവിശേഷങ്ങളിൽ നാം കാണുന്നുള്ളൂ. അവന്റെ കാൽക്കൽ കഴിഞ്ഞിടത്തോളം കാലം ജനങ്ങൾ അവനോട് നന്ദി പറഞ്ഞതു മാത്രം.

9. ദൈവം കഴിഞ്ഞാൽ നമുക്ക് വളരെ നല്ലവളായ ഈശോയുടെ പരിശുദ്ധ അമ്മയിൽ വലിയ ആശ്രയം ഉണ്ടായിരിക്കണം.

10. നമ്മൾ എവിടെയായിരുന്നാലും നമ്മൾ എന്തൊക്കെ ചെയ്താലും അവയെല്ലാം നാം കണ്ടുമുട്ടുന്നത് ആദ്ധ്യാത്മികബുദ്ധിമുട്ടുകളോടെയാണ്.

11. ആളുകൾക്ക് പറയാനുള്ളതെല്ലാം പറയാൻ അവരെ അനുവദിക്കുക. അവർക്ക് പറയാനുള്ളതെല്ലാം അവർ പറഞ്ഞുകഴിയുമ്പോൾ ഒന്നും പറയാൻ അവർക്കുണ്ടായിരിക്കുകയില്ല. അവർ നിശബ്ദരാകുകയും ചെയ്യും.

12. ഈശോയുടെ സഹനങ്ങൾ ധാരാളം ആളുകൾക്ക് ഉപയോഗശൂന്യമാണ് എന്നു കാണുന്നതിനേക്കാൾ ഒന്നും ഈശോയുടെ ഹൃദയത്തെ പീഡിപ്പിക്കുന്നില്ല. അതുകൊണ്ട് പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

13. പകൽസമയത്തും രാത്രിയിൽ ഉണരുമ്പോൾപോലും ദൈവത്തോടു പറയുക: "എന്റെ ദൈവമേ, എന്തുമാത്രം നിന്നെ സ്നേഹിക്കാൻ എനിക്കു സാധ്യമായിരിക്കുമോ അത്രയും നിന്നെ സ്നേഹിക്കാനുള്ള കൃപ എനിക്ക് തരണമേ.

14. എന്റെ പ്രിയനേ, വരിക. വരിക. നിന്റെ ഭാരത്തെക്കുറിച്ച് നീ പേടിക്കേണ്ടതില്ല. അതു വഹിക്കാൻ നമ്മുടെ കർത്താവ് നിന്നെ സഹായിക്കും.

15. ഈ ലോകജീവിതമല്ലാതെ മറ്റൊരു ജീവിതം ഇല്ലെങ്കിൽപ്പോലും ഇവിടെ ദൈവത്തെ സ്നേഹിക്കുകയും അവന്റെ മഹത്വത്തിനു വേണ്ടി എന്തെങ്കിലും ചെയ്യുകയും ചെയ്യുന്നതുതന്നെ വളരെ സന്തോഷകരമാണ് എന്നത് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്.

16. ചില നല്ല ക്രിസ്ത്യാനികൾക്ക് ഇങ്ങനെ പറയുന്ന ശീലമുണ്ട്: “ഞാൻ ഇന്ന് ദൈവസ്നേഹത്തിന്റെ ധാരാളം പ്രവർത്തനങ്ങൾ ചെയ്യും. അതുപോലെ തന്നെ ധാരാളം ത്യാഗങ്ങളും.” ആ നടപടി ഞാൻ വളരെ ഇഷ്ടപ്പെടുന്നു.

17. കാര്യങ്ങൾ നന്നായി ചെയ്യണമെങ്കിൽ ദൈവം ആഗ്രഹിക്കുന്നതു പോലെ ഒരുവൻ പ്രവർത്തിക്കണം.

18. ദരിദ്രനായിത്തീരാനുള്ള ഉറച്ച വഴികൾ എനിക്കറിയാം: ഞായറാഴ്ച ജോലി ചെയ്യുക, മറ്റുള്ളവരുടെ സ്വത്ത് അപഹരിക്കുക.

19. നമ്മുടെ മാത്രം പ്രവണതകളോട് നാം ആലോചന ചോദിക്കാതെ ദൈവത്തിന് കൂടുതൽ സന്തോഷം നൽകുന്നവ എപ്പോഴും ചെയ്യാൻ പരിശ്രമിക്കുക.

20. കൂദാശകളുടെ സ്വീകരണത്തിനുശേഷം ദൈവത്തിന്റെ സ്നേഹം തണുത്തുപോകുന്നതായി നമുക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ ഉട നെതന്നെ നമുക്ക് അരൂപിയ്ക്കടുത്ത കുർബാനസ്വീകരണം നട ത്താം.

21. എനിക്ക് ധാരാളം കുരിശുകളുണ്ട്, എനിക്ക് വഹിക്കാൻ കഴിയുന്ന തിലുമധികം. കുരിശുകളോടുള്ള സ്നേഹത്തിനുവേണ്ടി ചോദി ക്കാൻ ഞാൻ എന്നെത്തന്നെ സജ്ജമാക്കിയപ്പോൾ ഞാൻ സന്തോ ഷമുള്ളവനായി.

22. വിശുദ്ധരുടെ വചനപ്രഘോഷണങ്ങൾ അവരുടെ ജീവിതപ്രകാശ നങ്ങളാണ്.

23. നമുക്ക് നമ്മുടെ ഇച്ഛയൊഴികെ നമ്മുടേതായി ഒന്നുമില്ല. അത് നമുക്ക് അവന് സമർപ്പിക്കാൻ കഴിയും എന്നതാണ് ദൈവം നമ്മുടെ അധികാരത്തിൽ വച്ചു തന്നിരിക്കുന്ന ഏകകാര്യം.

24. ഹാ! നമ്മുടെ കർത്താവായ ഈശോമിശിഹാ അൾത്താരയിൽ സന്നിഹിതനായിരിക്കുന്നതും നമ്മെ നോക്കുന്നതും കാണാൻ മാലാഖമാരുടെ കണ്ണുകൾ നമുക്കുണ്ടായിരുന്നെങ്കിൽ, നമ്മൾ എന്തുമാത്രം അവനെ സ്നേഹിക്കുമായിരുന്നു.

25. നമ്മുടെ രോഗത്തിന്റെയോ ദു:ഖത്തിന്റെയോ സമയങ്ങളിൽ നമുക്ക് ദൈവത്തിൽ വലിയ വിശ്വാസം ഉണ്ടായിരിക്കണം. കാരണം, നമ്മൾ നമ്മുടെ ആശ്രയം അവനിലർപ്പിക്കുമോ ഇല്ലയോ എന്ന് കാണാൻ ദൈവം കാത്തിരിക്കുന്ന സമയം കൃത്യമായും ഇതാണ്.

26. നമ്മൾ വിശുദ്ധകുർബാനയുടെ മുമ്പിൽ ആയിരിക്കുമ്പോൾ നമ്മുടെ ഹൃദയം നമുക്ക് തുറക്കാം. നമ്മുടെ നല്ലവനായ ദൈവം തന്റേതും തുറക്കും. നമ്മൾ അവനിലേയ്ക്ക് പോകും. അവൻ നമ്മിലേക്ക് വരും. ഒരുവൻ ചോദിക്കാനും അപരൻ സ്വീകരിക്കാനും. ഒരാ ളിൽനിന്ന് മറ്റൊരാളിലേയ്ക്കുള്ള ശ്വാസോച്ഛ്വാസം പോലെയാണി ത്.

27. ദൈവത്തിന് നിന്റെ സ്നേഹം കൊടുക്കൂ. അവൻ വളരെ നല്ലവനാ കുന്നു. നിനക്ക് കഴിയുന്നിടത്തോളം അവനെ സ്നേഹിക്കുക.

28. അതിവേഗം സമയം കടന്നുപോകുന്നതായി പ്രാർത്ഥന അനു ഭവപ്പെടുത്തുന്നു. അതുകൊണ്ട്, സൗഭാഗ്യകരമായി, ഇത് എന്തു മാത്രം നീണ്ടതാണെന്ന് ശ്രദ്ധിക്കാൻ ഒരുവൻ പരാജയപ്പെടുന്നു.

29. കുരിശിൽ അടിസ്ഥാനമിട്ട ഒരു ഭവനം കാറ്റിനെയോ മഴയെയോ കൊടുങ്കാറ്റിനെയോ ഭയപ്പെടില്ല.

30. തന്റെ സ്നേഹത്തിന്റെ കൂദാശയിൽ ഈശോമിശിഹാ സ്വീകരി ക്കുന്ന അതിക്രമങ്ങൾക്ക് പരിഹാരം ചെയ്യപ്പെടുവാൻ അനുവദി ക്കപ്പെടുന്നതിനേക്കാൾ വലിയ ബഹുമതി ഒരാൾക്ക് കണ്ടെത്താൻ സാധിക്കുമോ?

31. താഴ്മയിലും അപമാനത്തിലുമല്ലാതെ ആഡംബരത്തിലോ സന്തോ ഷത്തിലോ പൊങ്ങച്ചത്തിലോ നമ്മുടെ കർത്താവിനെ ഒരിക്കലും കാണുന്നില്ല.

# വലിയ നോമ്പിലെ തിരുക്കർമ്മങ്ങൾ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ,

വലിയ നോമ്പിലെ വിശിഷ്യാ പീഡാനുഭവ ആഴ്ചയിലെ തിരുക്കർമ്മങ്ങളുടെ ക്രമം കഴിഞ്ഞ ആഗസ്റ്റിൽ നടന്ന സീറോ മലബാർ സഭയുടെ സിനഡ് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയ വിവരം ഇതിനോടകം അറിയിച്ചിരുന്നുവല്ലോ. ഈ വർഷത്തെ അനുതാപശുശ്രൂഷ മുതൽ പുതിയ ടെക്സ്റ്റ് ഉപയോഗിച്ചുതുടങ്ങുന്നതിനാൽ, പുതിയ ക്രമം ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## A. അനുതാപശുശ്രൂഷ

1. വലിയ നോമ്പ് ആചരണം സമാരംഭിക്കുന്ന തിങ്കളാഴ്ച എല്ലാവരും പരിശുദ്ധകുർബാനയിൽ പങ്കെടുക്കാൻ സൗകര്യപ്രദമായ സമയം തിരഞ്ഞെടുക്കേണ്ടതാണ്. പ്രവൃത്തിദിനമാകയാൽ രാവിലെ നേരത്തെതന്നെ കർമ്മങ്ങൾ ആരംഭിക്കുന്നത് ഉചിതമാണ്.

2. വിശുദ്ധഗ്രന്ഥം ഉപയോഗിച്ച് അതിൽനിന്നാണ് ആരാധനകർമ്മങ്ങളിൽ വായനകൾ നടത്തേണ്ടത്. വായനയ്ക്ക് പ്ശീത്താബൈബിൾ ഉപയോഗിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

## B. ഓശാന

3. ഓറശ്ലേമിലും പരിസരപ്രദേശങ്ങളിലും നടന്ന കർമ്മങ്ങൾ (Stational Liturgy) അനുസ്മരിപ്പിക്കുന്ന ഓശാനയുടെ തിരുക്കർമ്മങ്ങളും പ്രാരംഭഭാഗങ്ങളും കുരുത്തോല വെഞ്ചരിപ്പും ദൈവാലയത്തിനു വെളിയിൽ ക്രമീകരിക്കുന്നതാണ് ഉചിതം.

4. സപ്രായോടു ചേർന്നുള്ള തിരുക്കർമ്മങ്ങളാകയാൽ സപ്രായുടെ ഭാഗമായ സങ്കീർത്തനങ്ങൾ ഉപേക്ഷിക്കാൻ പാടില്ല. എന്നാൽ ഐച്ഛികമായി ചേർത്തിരിക്കുന്നവ (സങ്കീ 104, 148, 150) ഉപേക്ഷിക്കാവുന്നതാണ്.

5. നമ്മുടെ സഭയിൽ പെസഹാ അപ്പത്തിനും വിഭൂതി ആചരണത്തിനും ഉപയോഗിക്കുകയും മറ്റുവിധത്തിൽ പൂജ്യമായി സൂക്ഷിക്കുകയും ചെയ്യുന്ന കുരുത്തോല ആശീർവദിച്ചതിനുശേഷം വിതരണം ചെയ്യുന്നതാണ് ഉചിതം.

## C. പെസഹാവ്യാഴം

6. പെസഹാവ്യാഴം മുതലുള്ള കർമ്മങ്ങൾ റംശായോടുകൂടി ക്രമീകരിച്ചിരിക്കുന്നതിനാൽ അവ ഉച്ചകഴിഞ്ഞാണ് നടത്തേണ്ടത്. മൂന്നുമണിക്ക് കർമ്മങ്ങൾ ആരംഭിക്കേണ്ടതാണ്.

7. കാൽകഴുകൽ ശുശ്രൂഷയ്ക്ക് മുതിർന്നവരെ തിരഞ്ഞെടുക്കുന്നതാണ് ഉചിതം.

8. തികച്ചും ഗാർഹിക ആചരണമായി പെസഹാ അപ്പംമുറിക്കൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ കർമ്മം ദൈവാലയങ്ങളിലോ കുടുംബകൂട്ടായ്മകളിലോ നടത്തേണ്ടതില്ല.

9. പെസഹാതിരുക്കർമ്മങ്ങൾക്കുശേഷം പൊതുവായ ദിവ്യകാരുണ്യ ആരാധന നടത്താവുന്നതാണ്.

## D. പീഡാനുഭവവെള്ളി

10. പീഡാനുഭവവെള്ളി കർമ്മങ്ങൾ റംശായോടു ചേർന്നാണ് നടത്തേണ്ടത്. ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് കർമ്മങ്ങൾ ആരംഭിക്കും.

11. പൗരസ്ത്യസഭകളുടെ പതിവനുസരിച്ച് സുവിശേഷവായന കാർമ്മികനാണ് നടത്തേണ്ടത്. കാർമ്മികന്റെ ഒരു വർഷത്തെ ഏറ്റം നീണ്ട സുവിശേഷപ്രഘോഷണമായ സുവിശേഷവായനയാണ് പീഡാനുഭവവെള്ളിയാഴ്ച അഭികാമ്യം. ലത്തീൻസഭയിലെ പതിവ് അനുകരിച്ച് കാർമ്മികരും ജനങ്ങളും വിവിധ റോളുകൾ ഏറ്റെടുക്കുന്ന പീഡാനുഭവവായന ഒഴിവാക്കുന്നതാണ് ഉചിതം.

12. ഇന്നത്തെ തിരുക്കർമ്മത്തിലുള്ള നമ്മുടെ പാരമ്പര്യത്തിലുള്ള വൈവിധ്യമാർന്ന മൂന്നു കാറോസൂസാകളും ചൊല്ലേണ്ടതാണ്.

13. പീഡാനുഭവവെള്ളിയാഴ്ച ദിവ്യകാരുണ്യം നൽകുന്നത് പാശ്ചാത്യ പൗരസ്ത്യപാരമ്പര്യങ്ങളിലൊന്നും ഇല്ലാത്തതും അടുത്തകാലത്തു മാത്രം പാശ്ചാത്യആരാധനക്രമത്തിൽ ആരംഭിച്ചതുമാണ്. പരി. കുർബാന അർപ്പണം നടത്താത്ത ഇന്നേദിവസം കാർമ്മികനോ ജനങ്ങളോ പരി. കുർബാന സ്വീകരണം നടത്തുന്നില്ല. ഐച്ഛികമായി കൊടുത്തിരിക്കുന്ന ദിവ്യകാരുണ്യസ്വീകരണശുശ്രൂഷാഭാഗം ഉപേക്ഷിക്കാം.

14. വലിപ്പമുള്ള സ്ലീവായാണ് പ്രദക്ഷിണത്തിന് ഉപയോഗിക്കേണ്ടത്. സ്ലീവായിൽ ഊറാറ ഇട്ട് ബേമ്മായിൽ പ്രതിഷ്ഠിക്കുന്നു. മിശിഹായുടെ

മരണത്തെ അനുസ്മരിപ്പിക്കുന്ന പ്രദക്ഷിണസമയത്ത് സ്ലീവാ വെള്ളക്കച്ചകൊണ്ടു പൊതിയുന്നു.

15. സമാപനാശീർവാദത്തിനും സ്ലീവാ ചുംബനത്തിനും ശേഷം മിശിഹായുടെ സംസ്കരണം അനുസ്മരിച്ച് അതു ബലിപീഠത്തിൽ കിടത്തി ധൂപിക്കുന്നു.

**E. വലിയ ശനി**

16. വലിയ ശനിയാഴ്ചത്തെ കർമ്മങ്ങൾ മൂന്നു മണിക്കുശേഷം റംശായോടുകൂടിയാണ് നടത്തേണ്ടത്.

17. മിശിഹായുടെ ഉയിർപ്പിനെ അനുസ്മരിക്കുന്ന മാമ്മോദീസാ കർമ്മവും മാമ്മോദീസാവ്രത നവീകരണവും നടത്തുന്നു. തിരുക്കർമ്മത്തോടനുബന്ധിച്ച് മാമ്മോദീസാ നടത്തുന്നത് ഉചിതമാണ്.

**F. ഉയിർപ്പുതിരുനാൾ**

18. ഉയിർപ്പുതിരുനാൾ കർമ്മങ്ങൾ പ്രഭാതത്തിൽ മൂന്നു മണിക്കാണ് ആരംഭിക്കേണ്ടത്. വചനശുശ്രൂഷവരെയുള്ള ഭാഗങ്ങൾ ബേമ്മായിൽ വച്ചാണ് നടത്തേണ്ടത്.

19. ഉയിർപ്പുതിരുനാൾ ദിവസം ദൈവാലയം മുട്ടിത്തുറക്കുന്ന കർമ്മം നടത്തേണ്ടതില്ല.

20. ഉയിർപ്പുതിരുനാൾ ദിവസത്തെ സമാധാനാശംസയുടെ പ്രാർത്ഥനകളും കർമ്മങ്ങളും പ്രദക്ഷിണത്തിനുശേഷം ബേമ്മായിൽ വച്ചു നടത്തുന്നതാണ് ഉചിതം.

പുതിയ ക്രമം ഫലദായകമായും ദൈവാനുഭവപ്രദമായും പരികർമ്മം ചെയ്യുവാൻ ഈ നിർദ്ദേശങ്ങൾ ഉപകരിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

| | |
|---|---|
| **ബിഷപ്സ് ഹൗസ്** | **ബിഷപ് ജോസഫ് കല്ലറങ്ങാട്ട്** |
| **പാലാ, 10-02-10** | **പാലാ രൂപതയുടെ മെത്രാൻ** |

N.B. ഈ സർക്കുലറിലെ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ വി. കുർബാനമധ്യേ പള്ളിയിൽ അറിയിക്കുമല്ലോ.

# കച്ചേരിക്കാര്യം

## TRANSFER, VICARS-FEBRUARY, 2010

| Rev. Fathers | New Appointment |
|---|---|
| 1 Ammanathukunnel Joseph | Vicar, Nellapara |
| 2 Ayallookunnel Thomas | Vicar, Kavaly |
| 3 Chakkalayil Thomas | Sick Leave, Mar Aprem Priests' Home, Palai |
| 4 Chavelil James | Retired, Mar Aprem Priests' Home, Palai |
| 5 Danavelil George | Vicar, Nelliany & Professor, Minor Seminary |
| 6 Edathumparampil Joseph | Vicar, Vayala |
| 7 Edayodiyil George | Vicar, Kurumannu |
| 8 Elambasseril George | Leave for Pastoral Ministry in Chicago |
| 9 Illimoottil Joseph | Asst. Vicar, Ramapuram & Warden, St. Paul's Hostel, Ramapuram |
| 10 Illimoottil Thomas | Vicar, Manjamattam |
| 11 Kachiramattam Augustine | Vicar, Palayam |
| 12 Kadookunnel Mathew | Vicar, Chakkampuzha |
| 13 Kalariparampil Vincent | Vicar, Edamaruku |
| 14 Kalekkattil Thomas | Retired, Mar Aprem Priests' Home, Palai |
| 15 Kaniampady Zacharias | Sick Leave |
| 16 Kaniyampady Abraham | Vicar, Kothanalloor |
| 17 Kizhakkekara Joseph | Vicar, Thudanganadu |
| 18 Kochuparampil Joseph | Vicar, Arakulam New |

| | |
|---|---|
| 19 Kottaram Michael | Retired, Mar Aprem Priests' Home, Palai |
| 20 Kozhuppankutty Paul | Vianey Home, Muttuchira |
| 21 Kulangara Philip | Vicar, Neeramthanam |
| 22 Kumminiyil Joseph | Vicar, Santhipuram |
| 23 Kunnumpuram Berchmans | Principal St. Thomas HSS, Pala |
| 24 Madathikunnel Paul | Vicar, Manvettam |
| 25 Malayil Joseph | Vicar, Anthialam |
| 26 Malayilputhenpura Thomas | Vicar, Arunapuram |
| 27 Mannoor Thomas | Director, Evangelization |
| 28 Mattam Kurian | Spiritual Director & Main Warden, SJCET |
| 29 Moolakunnel Alexander | Vicar, Moolamattam |
| 30 Moolayil Sebastian | Vicar, Valavoor |
| 31 Moongamakkal Vincent | Asst. Director, Evangelization |
| 32 Moothedam Mathew | Vicar, Kadanadu |
| 33 Mulangattil George | Vicar, Kozhuvanal |
| 34 Naduvilekoot Ignatius | Vicar, Arakulam Old |
| 35 Naduvilekoot Joseph | Leave for Pastoral Ministry in USA |
| 36 Nellikkatheruvil Joseph | Vicar, Chempilavu (Additional) |
| 37 Niravath George | Vicar, Plassanal |
| 38 Olickal Thomas | Vicar, Aruvithura |
| 39 Padannamakkel Joseph | Chaplain, Adoration Convent, Nelliany |
| 40 Palackaparampil Augustine | Leave for Pastoral Ministry in Chicago |
| 41 Palackathadam Abraham | Vicar, Ayyampara |
| 42 Pampara Joseph | Retired, Mar Aprem Priests' Home, Palai |

| | |
|---|---|
| 43 Panackakuzhy Mathew | Chaplain, Marian Medical Centre, Arunapuram |
| 44 Panampuzha Joseph | Vicar, Marangoly |
| 45 Parekunnel Thomas | Vicar, Mattakara |
| 46 Periappuram Emmanuel | Vicar, Elamthottam |
| 47 Poovathumkal Joseph (Sr.) | Vicar, Poonjar |
| 48 Puthenpura Joseph | Vicar, Kanjiramattam |
| 49 Srampickal Joseph | Professor, Mar Aprem Formation Centre, Palai |
| 50 Thadathil Cyriac | Vicar, Jaigiri |
| 51 Thalavayalil Abraham | Vicar, Gagultha |
| 52 Thelly Joseph | Vicar, Santhigiri |
| 53 Theruvath Augustine | Vicar, Mutholapuram |
| 54 Thevarkunnel Mathew | Asst. Manager, Sea View Estate |
| 55 Vadakkenellikattil Joseph | Vicar, Kunnonni |
| 56 Valiyaveetil Thomas | Vicar, Teekoy |
| 57 Varikkamakkal Kurian | Vicar, Perumthuruth |
| 58 Velamparampil Cyrus | Director, Nursing College Cherpumkal & Manager, Woodind |
| 59 Vettukattil Thomas | H.M., Eng. Med. School, Neeloor |

## TRANSFER, ASST. VICARS, FEBRUARY - 2010

| **Rev. Fathers** | **New Appointment** |
|---|---|
| 1 Ambazhathumkal Mathew | Asst. Vicar, Ramapuram |
| 2 Arimattath Joseph | Director, KCSL (Additional) |
| 3 Ennackappillil Mathew | Asst. Vicar, Kuravilangadu |

| | |
|---|---|
| 4 Eruppakattu Philip | Asst. Vicar, Neeloor |
| 5 Eruvelikunnel Antony | Asst. Vicar, Kaduthuruthy |
| 6 Kappiliparampil Kuriakose | Leave for MA Studies, Deva Matha College, Kuravilangad |
| 7 Kavumpurath George | Asst. Vicar, Cherpumkal |
| 8 Kumbulumoottil Sebastian | Asst. Vicar, Chemmalamattam |
| 9 Kunnackatt Cherian (Joby) | Asst. Vicar, Kanjirathanam |
| 10 Malamackal Scaria | Asst. Vicar, Muttuchira |
| 11 Maprekarottu Sebastian | Asst. Manager, St. Thomas Press, Palai & B.Ed Studies |
| 12 Mattamundayil John | Asst. Vicar, Lalam Old |
| 13 Paikada Alex | Asst. Vicar, Koodalloor |
| 14 Panthiruvelil Martin | Asst. Vicar, Peringulam |
| 15 Parackal Paul | Asst. Vicar, Marangattupally |
| 16 Parampilthadam George | Asst. Vicar, Plassanal & Ph. D. Studies |
| 17 Paraplackal Paul | Asst. Vicar, Kudayathoor |
| 18 Parekkattu Emmanuel | Asst. Vicar, Elanji |
| 19 Polachirakunnumpuram George | - Asst. Vicar Kadaplamattam & M.A. Studies |
| 20 Polakatt Kurian | Asst. Vicar, Melukavumattam |
| 21 Purayidathil Joseph | Secretary to the Bishop |
| 22 Puthettu Cyriac | Asst. Vicar, Thudangannadu |
| 23 Vattappalam Devasia | Asst. Vicar, Aruvithura |
| 24 Vengathanam Andrews | Asst. Vicar, Teekoy |

## കുടുംബകൂട്ടായ്മകൾക്ക് പഠനവിഷയങ്ങൾ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരങ്ങളേ,

ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാകേണ്ടവരാണ് കത്തോലിക്കാവിശ്വാസികൾ. മലമേൽ പണിതുയർത്തപ്പെട്ട ഗോപുരമാണ് ഏറ്റവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയുടെ വിശ്വാസം.

മാനവചരിത്രത്തിനും സംസ്കാരങ്ങൾക്കും കത്തോലിക്കാവിശ്വാസം പ്രകാശമേകുന്നു. മിശിഹാ ആകുന്ന മൂലക്കല്ലിൽ ശ്ലീഹന്മാരാകുന്ന അടിത്തറമേൽ പരിശുദ്ധാത്മാവിൽ അനുദിനവും പണിയപ്പെടുന്ന വിശുദ്ധരുടെ സമൂഹമാണ് സഭ. ഈ സഭയുടെ വിശ്വാസവേരുകളുടെ അടിത്തറയേക്കുറിച്ചുള്ള ശരിയായ തിരിച്ചറിവും ബോധ്യവും നമ്മുടെ വിശ്വാസജീവിതങ്ങൾക്കും വിശ്വാസപ്രബോധനങ്ങൾക്കും ശരിയായ ദിശാബോധവും പുതിയ ചക്രവാളങ്ങളും നൽകുന്നു.

വ്യത്യസ്തരീതികളിൽ നാമെല്ലാവരും ചെയ്യുന്ന അജപാലനശുശ്രൂഷയുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും ശരിയായ പ്രബോധനങ്ങളിലും ശിക്ഷണത്തിലും അധിഷ്ഠിതമാണ്. അതുകൊണ്ട് ദൈവജനസമൂഹത്തിന് ശരിയായ പ്രബോധനങ്ങൾ ലഭിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുന്നിൽവച്ചുകൊണ്ട്, സീറോ മലബാർ സഭയുടെ പ്രബോധനകമ്മീഷൻ മൂന്ന് പഠനവിഷയങ്ങൾ ലഘുലേഖകളായി തയ്യാറാക്കിയിട്ടുണ്ട്. പലപ്പോഴും വിശ്വാസികളുടെയിടയിൽ ചിന്താകുഴപ്പങ്ങൾക്കും അബദ്ധപ്രബോധനങ്ങൾക്കും കാരണമാകാവുന്ന വി. ഗ്രന്ഥവായനയും വ്യാഖ്യാനവും സംബന്ധിച്ച കാര്യങ്ങൾ, വി. ഗ്രന്ഥവും വി. പാരമ്പര്യവും ആരാധനക്രമവും തമ്മിലുള്ള ബന്ധം, മരണാനന്തരജീവിതവും പൂർവ്വികരുടെ പാപങ്ങളുടെ ശാപവും സംബന്ധിച്ച കാര്യങ്ങൾ എന്നിവ ശാസ്ത്രീയമായി പഠിച്ച് അവതരിപ്പിക്കുന്ന മൂന്ന് പഠനസംഗ്രഹങ്ങളാണിത്. മൂന്ന് വിഷയങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. ബൈബിൾ വായന - വ്യാഖ്യാനം : അടിസ്ഥാനതത്വങ്ങൾ
2. വി. ഗ്രന്ഥവും വി. പാരമ്പര്യവും ആരാധനക്രമവും
3. മരണാനന്തരജീവിതം, തലമുറകൾ നീളുന്ന ശാപം.

മേൽപറഞ്ഞ വിഷയങ്ങളിൽ അവഗാഹമുള്ള പണ്ഡിതരായ വ്യക്തികൾ രൂപപ്പെടുത്തിയ ഈ ടെക്സ്റ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും പഠനവിഷയമാക്കുവാൻ ആഗ്രഹിക്കുന്നു. ഇത് എളുപ്പമായി നടക്കുവാൻ സാധിക്കുന്നത് കുടുംബകൂട്ടായ്മകൾ വഴിയാണ്. അതിനാൽ, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ കുടുംബകൂട്ടായ്മകൾക്ക് മേൽപറഞ്ഞ മൂന്ന് ടെക്സ്റ്റുകൾ തുടർച്ചയായി പഠനവിഷയമാക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഇതിലേയ്ക്കായി ബഹു. അച്ചന്മാർക്ക് ഒരു കോപ്പിയും ഒരു കുടുംബകൂട്ടായ്മയ്ക്ക് ഒരു കോപ്പിയും എന്ന രീതിയിൽ കോപ്പികൾ ബിഷപ്സ് ഹൗസിൽ വാങ്ങിച്ചു ക്രമീകരിച്ചിട്ടുണ്ട്. മൂന്നും കൂടിയുള്ള ഒരു സെറ്റിന് 18 രൂപായാണ് വില. ഈ തുക  ഇടവകയിൽ നിന്നു മുടക്കി കഴിവതും വേഗം കോപ്പികൾ ബിഷപ്സ് ഹൗസിൽ നിന്നും വാങ്ങിച്ചുകൊണ്ടു പോവുകയും വരുന്ന മാസങ്ങളിൽ നമ്മുടെ ഇടവകകളിലെ കുടുംബകൂട്ടായ്മകൾക്ക് മേൽപറഞ്ഞ വിഷയങ്ങൾ പഠനവിഷയമാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ബഹു. വികാരിയച്ചന്മാരുടെയും സന്യസ്തരുടെയും അത്മായസഹോദരങ്ങളുടെയും നിർലോഭമായ സഹകരണം പ്രതീക്ഷിക്കുന്നു. സാധിക്കുമെങ്കിൽ എല്ലാ കുടുംബങ്ങൾക്കും മൂന്ന് ടെക്സ്റ്റുകളും അടങ്ങുന്ന ഒരു സെറ്റ് വാങ്ങിച്ചുനല്കുകയും കൂടുതൽ കാര്യക്ഷമമായ രീതിയിൽ ഇതിന്റെ പഠനം നടത്തുകയും ചെയ്യുന്നത് ഉചിതമായിരിക്കും. കുടുംബകൂട്ടായ്മകൾ കൂടാതെ ഇതര വേദികളും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർക്ക് സെന്റ് തോമസ് പ്രസ് വഴി കോപ്പികൾ ലഭ്യമാക്കുന്നതാണ്.

നിങ്ങളുടെ ഏവരുടെയും താൽപര്യവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ടും സമൃദ്ധമായ ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും,

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

**ബിഷപ്സ് ഹൗസ്**
**പാലാ, 10-02-10**

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
**പാലാ രൂപതയുടെ മെത്രാൻ**

---

N.B. ഈ സർക്കുലർ വി. കുർബാനമധ്യേ പള്ളിയിൽ വായിക്കേണ്ടതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

1. നമ്മുടെ കുർബാനക്രമത്തിന്റെ ടെക്സ്റ്റിനോട് പ്രോപ്രിയ പ്രാർത്ഥനകൾ കൂട്ടിച്ചേർത്ത് പ്രസിദ്ധീകരിച്ചിരിക്കുന്ന കുർബാന തക്സാ (റാസക്രമം) സെന്റ് തോമസ് പ്രസ്സിൽ ലഭ്യമാണ്. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യസ്ത ഭവനങ്ങളിലും ഇനി മുതൽ ഈ തക്സാ ഉപയോഗിച്ചു തുടങ്ങേണ്ടതാണ്.
2. സീറോ-മലബാർസഭയുടെ സിനഡ് അംഗീകരിച്ച സന്യാസ വ്രതവാഗ്ദാനങ്ങളുടെ കർമ്മക്രമം സെന്റ് തോമസ് പ്രസ്സിൽ നിന്ന് ഉടൻ ലഭ്യമാകും.
3. പീഡാനുഭവ ആഴ്ചയുടെ കർമ്മക്രമങ്ങളും സെന്റ്തോമസ് പ്രസിൽ ലഭ്യമാണ്.

## ഛിന്നസഭകളുടെ പൊള്ളത്തരങ്ങൾ

പെന്തക്കോസ്തു സഭാവിഭാഗങ്ങളുടെ തെറ്റായ പഠനങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകാൻ ഉപകരിക്കുന്ന **റവ. ഡോ. ഡോ. ജേക്കബ് കട്ടയ്ക്കലിന്റെ 'ഛിന്നസഭകളുടെ പൊള്ളത്തരങ്ങൾ'** എന്ന പുസ്തകം സെന്റ് തോമസ് പ്രസിൽ നിന്നും ലഭിക്കുന്നതാണ്.

## സംഭാവനാശേഖരണം

രൂപതയിലെ മദ്യവിരുദ്ധപ്രവർത്തനങ്ങൾക്കുവേണ്ടി എല്ലാ ഇടവകയിൽനിന്നും ഫെബ്രുവരി 28-ാം തീയതി സംഭാവന ശേഖരിച്ച് മാർച്ച് 28 നു മുമ്പ് രൂപതാ പ്രൊക്യുറേറ്ററെ ഏൽപിക്കണം.

സർക്കുലർ

# ലോകരോഗീദിനസന്ദേശം – 2010 ഫെബ്രുവരി 11

### 18–ാമത് ലോകരോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ നല്കുന്ന സന്ദേശം

2010 ഫെബ്രുവരി 11–ന് ലൂർദ് മാതാവിന്റെ തിരുനാൾ ദിനത്തിൽ വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽവച്ച് 18–ാമത് ലോകരോഗീദിനം ആചരിക്കുകയാണ്. ലോകമെമ്പാടുമുള്ളവരുടെ ആരോഗ്യപരിരക്ഷക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷയുടെ ഭാഗമായ Institution of the Pontifical Council for Health Care Workers ന്റെ 25–ാം വാർഷികവും ഇതിനോടുചേർന്നു വരുന്നുവെന്നത് ദൈവത്തിനു നന്ദിപറയാനുള്ള മറ്റൊരു കാരണമാണ്. ഈ സംഭവം രോഗീശുശ്രൂഷ ചെയ്യുന്നവർക്കും അവരെ സംരക്ഷിക്കുന്നവർക്കും കൂടുതൽ ഉദാരമായ അജപാലനശുശ്രൂഷ ചെയ്യുന്നതിനു പ്രേരകമാകണമെന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുന്നു.

ആരോഗ്യപരിരക്ഷക്കുവേണ്ടിയുള്ള അജപാലന ശുശ്രൂഷയുടെ പ്രാധാന്യത്തെക്കുറിച്ച് സഭാമക്കളെ ബോധവത്ക്കരിച്ചു് സമസ്ത ലോകത്തിനും വേണ്ടിയുള്ള സമഗ്രമായ ഒരു പ്രവർത്തനമാണ് ഈ വാർഷികത്തിൽ സഭ ആഗ്രഹിക്കുന്നത്. നമ്മുടെ കർത്താവിന്റെ രക്ഷാകര ദൗത്യത്തിൽ മുദ്രിതമായിരിക്കുന്നതിനാൽ ഈ ശുശ്രൂഷ സഭാജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. ക്രിസ്തു എന്ന സ്വർഗീയവൈദ്യൻ നന്മ ചെയ്തുകൊണ്ടും തിന്മയുടെ ശക്തികളാൽ അടിച്ചമർത്തപ്പെട്ടവരെ സ്വതന്ത്രരാക്കിക്കൊണ്ടും ചുറ്റിസഞ്ചരിച്ചു (അപ്പ 30/38). ക്രിസ്തുവിന്റെ പീഡാനുഭവ-ഉത്ഥാനരഹസ്യങ്ങളിൽ മനുഷ്യസഹനം അർത്ഥവും ചൈതന്യവും കണ്ടെത്തുന്നു. ഇക്കാര്യത്തെക്കുറിച്ച് ദൈവദാസനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'സാൽവിഫിക്ക് ഡോളോറിസ്' എന്ന തന്റെ ചാക്രികലേഖനത്തിലൂടെ ദൈവികജ്ഞാനം നമുക്ക്

പകർന്നു നല്കുന്നു. "മനുഷ്യസഹനം അതിന്റെ പാരമ്യത്തിലെത്തി നിൽക്കുന്നത് ക്രിസ്തുവിന്റെ പീഡാസഹനത്തിലാണ്".

തുടർന്ന് അദ്ദേഹം എഴുതുന്നു: "അതേ സമയം ഇത് പൂർണമായും സ്നേഹത്താൽ ബന്ധിതമായി പുതിയ ലക്ഷ്യത്തിലേക്കും പുതിയ മാന ത്തിലേക്കും പ്രവേശിക്കുന്നു. അപ്രകാരമുള്ള സ്നേഹം നന്മയെ രൂപീ കൃതമാക്കുന്നതും സഹനത്തിലൂടെ തിന്മയെ ഉൻമൂലനം ചെയ്യുന്നതും ക്രിസ്തുവിന്റെ കുരിശിനാൽ രക്ഷയെന്ന വലിയ ദാനത്തെ പ്രദാനം ചെയ്യുന്നതും ആ കുരിശിൽ നിന്നും നിരന്തരമായി രക്ഷയുടെ തുടക്കം കുറിക്കുന്നതുമാണ്. ക്രിസ്തുവിന്റെ കുരിശാണ് ജീവജലത്തിന്റെ അരുവികൾ പുറപ്പെടുവിക്കുന്ന സ്രോതസ്സായിരിക്കുന്നത്"(n.18).

പിതാവിന്റെ പക്കലേക്ക് തിരിച്ചു മടങ്ങുന്നതിനുമുമ്പ് അവസാന അത്താഴവേളയിൽ കുരിശിലെ വലിയ സ്നേഹത്തെ മുൻകൂട്ടി പ്രകട മാക്കുവാൻ ശിഷ്യൻമാരുടെ പാദങ്ങൾ കഴുകുവാനായി യേശു മുട്ടു കൾ കുത്തി. ഈ പ്രവൃത്തിയിലൂടെ സമൂഹത്തിലെ ഏറ്റവും താഴ്ന്ന വർക്കും പാവപ്പെട്ടവർക്കും മാതൃകാപരമായ ഈ സ്നേഹത്തിന്റെ പുതിയ വക്താക്കളാകുവാൻ തന്റെ ശിഷ്യരെ ക്ഷണിക്കുകയും ചെയ്തു. യേശുവിന്റെ ഈ മാതൃകയെ പിന്തുടർന്ന് ഓരോ ക്രൈസ്തവനും പുതിയതും വ്യത്യസ്തവുമായ സാഹചര്യങ്ങളിൽ നല്ല സമറിയാക്കാ രന്റെ ഉപമയിലെ സമരിയാക്കാരനെ അനുകരിക്കുവാൻ വിളിക്കപ്പെട്ടി രിക്കുന്നു. വഴിമദ്ധ്യേ അർദ്ധപ്രാണനായിക്കിടന്ന യാത്രികനെ ഈ സമ രിയാക്കാരൻ കണ്ട്, മനസ്സലിഞ്ഞ്, അടുത്ത് ചെന്ന്, എണ്ണയും വീഞ്ഞു മൊഴിച്ച്, മുറിവുകൾ വച്ചുകെട്ടി, തന്റെ കഴുതയുടെ പുറത്തുകയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്ന് പരിചരിച്ചു. അടുത്ത ദിവസം സത്രം സൂക്ഷിപ്പുകാരന്റെ പക്കൽ ഒരു ദനാറ കൊടുത്തിട്ട് പറഞ്ഞു. "ഇവന്റെ കാര്യങ്ങൾ നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാ കുന്നുവെങ്കിൽ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം" (cf. ലൂക്കാ. 10:33-35).

ഈ ഉപമയുടെ അവസാനം "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ. 10: 37) എന്ന് യേശു പറയുന്നു. ഈ ലോകത്തിന്റെ വിശാല വീഥികളിൽ കണ്ടുമുട്ടുന്ന ശാരീരികവും മാനസികവുമായി മുറിവേറ്റ നമ്മുടെ സഹോദരങ്ങളെ ശുശ്രൂഷിക്കുവാൻ ഈശോ ഇതിലൂടെ നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന രോഗങ്ങളും സഹനങ്ങളും അംഗീകരിക്കുവാനും പ്രത്യാശയുടെ പഠനക്കളരിയാക്കി

അവയെ മാറ്റാനും ഈശോ ദൈവകൃപകൊണ്ട് നമ്മെ സഹായിക്കുന്നു. Spe Salvi എന്ന ലേഖനത്തിൽ ഞാൻ പറഞ്ഞത് ഓർക്കുക: "യാതനകളിൽ നിന്ന് ഒളിച്ചോടുകയോ വഴുതി മാറുകയോ ചെയ്യുന്നതിലൂടെയല്ല നാം സൗഖ്യപ്പെടുന്നത്, നേരെമറിച്ച് സഹനത്തെ അംഗീകരിക്കുകയും അനന്തമായ സ്നേഹത്താൽ സഹനങ്ങൾ ഏറ്റെടുത്ത ക്രിസ്തുവുമായുള്ള ഐക്യം വഴി ക്രിസ്തീയ പക്വത പ്രാപിക്കുകയും അതിന്റെ അർത്ഥം കണ്ടെത്തുകയും ചെയ്യാനുള്ള നമ്മുടെ കഴിവിലൂടെയാണ്" (cf. 37).

രണ്ടാം വത്തിക്കാൻ കൗൺസിൽ 'മനുഷ്യസഹനത്തിന്റെ പരിപാലനം' എന്ന പ്രധാനദൗത്യത്തെക്കുറിച്ച് ശ്രദ്ധ ക്ഷണിച്ചിട്ടുള്ളതാണ്. 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിൽ നാം വായിക്കുന്നു: "യേശു പിതാവിനാൽ അയയ്ക്കപ്പെട്ടത് പാവങ്ങളെ സുവിശേഷമറിയിക്കാനും, പശ്ചാത്തപിക്കുന്നവരെ സുഖമാക്കാനും (ലൂക്കാ 4/ 18), നഷ്ടപ്പെട്ടവരെ അന്വേഷിച്ച് കണ്ടെത്തി രക്ഷിക്കാനുമാണ്"(ലൂക്കാ 19/ 10) . ഇതുപോലെ സഭയും കഷ്ടപ്പാടുകൾ സഹിക്കുന്നവരെയെല്ലാം അവളുടെ സ്നേഹത്താൽ വലയം ചെയ്ത്, പതിതരിലും പീഡകൾ സഹിക്കുന്നവരിലും എളിമയുള്ളവനും സഹിക്കുന്നവനുമായ ക്രിസ്തുവിന്റെ രൂപം തിരിച്ചറിയുന്നു. സഭ അവരുടെ ആവശ്യങ്ങളെ പൂർത്തിയാക്കുവാനും അവരിൽ ക്രിസ്തുവിന് ശുശ്രൂഷ ചെയ്യുവാനും കഠിന പ്രയത്നം നടത്തുന്നു (N.8). രോഗികൾക്കും പീഡിതർക്കും വേണ്ടിയുള്ള സഭയുടെ ഭൗതികവും ആത്മീയവുമായ പ്രവർത്തനങ്ങൾ നൂറ്റാണ്ടുകളായി പല രീതിയിലും ആരോഗ്യപരിരക്ഷാസംവിധാനങ്ങളിലൂടെയും വ്യവസ്ഥാപിത രൂപങ്ങളിലൂടെയും പ്രകടമാക്കിയിട്ടുണ്ട്. അതിനാൽ രൂപതാതലത്തിലും വിവിധ സന്ന്യാസസ്ഥാപനങ്ങളിലും ഇക്കാര്യങ്ങൾ നേരിട്ടു കൈകാര്യം ചെയ്തിട്ടുള്ളവരുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് സ്നേഹമെന്ന വസ്തുതയുമായി അനുരൂപപ്പെടാനുള്ള അമൂല്യമായ പിതൃസ്വത്താണ്. ഇത് സമൂഹത്തിനുവേണ്ടി രൂപീകൃതമായ ഒരു സേവനമാകണമെങ്കിൽ സംഘടിതമാകേണ്ടിയിരിക്കുന്നു (Encyclical Deus Caritas Est, N.20).

ആരോഗ്യപരിപാലനരംഗത്തോടുള്ള വ്യഗ്രതയ്ക്കനുസൃതമായിട്ടാണ് 25 വർഷങ്ങൾക്ക് മുൻപ് ആരോഗ്യപരിപാലനപ്രവർത്തകർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ രൂപംകൊണ്ടത്.

ഗർഭധാരണം മുതൽ സ്വാഭാവിക അന്ത്യം വരെ വിവിധ ഘട്ടങ്ങളിൽ മനുഷ്യജീവനെ കാത്തുപാലിക്കുന്ന സുവിശേഷ മൂല്യങ്ങളെ ഫലപ്രദമായി സന്നിവേശിപ്പിക്കുന്നതിന് കഴിയുന്ന സശ്രദ്ധവും ദൂരവ്യാപകവുമായ സഭാസാന്നിദ്ധ്യം രോഗിക്കരികിലും ഒപ്പം സമൂഹത്തിലും മുൻപെന്നത്തെക്കാൾ തീവ്രമായി ചരിത്രത്തിലും സംസ്കാരത്തിലും ഇന്ന് ആവശ്യകമായിരിക്കുന്നു.

ലോകത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് പാവപ്പെട്ടവർക്കും രോഗികൾക്കും പീഡിതർക്കും വേണ്ടി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അവസാനം സഭാപിതാക്കന്മാർ നല്കിയ സന്ദേശത്തെ ഇവിടെ ഞാൻ ആവർത്തിക്കട്ടെ. "കുരിശിന്റെ കനത്തഭാരം താങ്ങുന്നവരേ, ഉത്തരമില്ലാത്ത സഹനത്തിന് ഇരയായിത്തീർന്നവരേ, ധൈര്യമവലംബിക്കുവിൻ. പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും ജീവന്റെതുമായ ദൈവരാജ്യത്തിൽ നിങ്ങൾക്കാണ് മുൻഗണന. നിങ്ങൾ ക്രിസ്തുവിന്റെ സഹന ദാസന്മാരാണ്. അവനോടൊപ്പം പ്രവർത്തിക്കുമ്പോൾ നിങ്ങൾ ലോകത്തെ രക്ഷിക്കുന്നു" (The Documents of Vatican II. Walter M. Abbott, sj). "അനുദിനം രോഗികൾക്കും പീഡിതർക്കും സേവനം ചെയ്യുന്നവർക്ക് ഞാൻ ഹൃദ്യമായി നന്ദി രേഖപ്പെടുത്തുന്നു. അതു വഴി ക്രിസ്തുവിന്റെ അപ്പസ്തോലിക കൃപ വ്യക്തികളുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും അനുസൃതമായുള്ള നല്ല ഫലം പുറപ്പെടുവിക്കാൻ ഇടവരട്ടെ" (പാസ്തർ ബോനൂസ്, 152).

ഈ പുരോഹിതവർഷത്തിൽ, എന്റെ ചിന്തകൾ പ്രത്യേകമായി വൈദികരിലേക്ക് തിരിയുന്നു. പ്രിയ പുരോഹിതരേ, രോഗീശുശ്രൂഷകരേ, ക്രിസ്തുവിന്റെ അനുകമ്പയുടെ അടയാളങ്ങളും ഉപകരണങ്ങളും ആയ നിങ്ങൾ സഹനത്താൽ മുദ്രിതരായിരിക്കുന്നവരിലേക്ക് ചെല്ലുക. പ്രിയ വൈദികഗണമേ, ഞാൻ നിങ്ങളോട് പറയുന്നു, അവർക്ക് ശ്രദ്ധയും സമാശ്വാസവും നല്കാൻ കിട്ടുന്ന ഒരവസരത്തിൽനിന്നും അകന്നു നില്ക്കാതിരിക്കുക. പരിക്ഷീണിതരായിരിക്കുന്നവർക്കു സമീപം ചെലവഴിക്കുന്ന സമയം അജപാലനശുശ്രൂഷയുടെ മറ്റു മാനങ്ങളിലും കൃപയുടെ ഫലങ്ങൾ പുറപ്പെടുവിക്കാതിരിക്കില്ല. രോഗത്താൽ വലയുന്നവരേ, അവസാനമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളുടെ സഹനങ്ങളെ വൈദികർക്കുവേണ്ടി കാഴ്ചവയ്ക്കുവിൻ. അതുവഴി അവർ അവരുടെ ദൈവവിളിയിൽ വിശ്വസ്തതാപൂർവ്വം തുടരട്ടെ. അവരുടെ

ശുശ്രൂഷ സഭയുടെ മുഴുവൻ നന്മക്കുവേണ്ടിയുള്ള വലിയ ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യട്ടെ.

ഈ വിചാരങ്ങളോടെ, എല്ലാ രോഗികൾക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും വേണ്ടി പരിശുദ്ധ അമ്മയോട് ഞാൻ മാധ്യസ്ഥ്യം യാചിക്കുന്നു. പൂർണഹൃദയത്തോടെ എന്റെ അപ്പസ്തോലികമായ ആശീർവാദം നിങ്ങൾക്കേവർക്കും നേരുകയും ചെയ്യുന്നു.

വത്തിക്കാനിൽ നിന്ന്, ക്രിസ്തുവിന്റെ രാജത്വത്തിരുന്നാളിനോടനുബന്ധിച്ച്

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

പി.ഒ.സി., കൊച്ചി

## വൈദികർക്കുവേണ്ടി അഖണ്ഡപ്രാർത്ഥന

വൈദികവർഷാചരണത്തിന്റെ ഭാഗമായി അട്ടപ്പാടി സെഹിയോൻ ധ്യാനമന്ദിരത്തിൽ നാലു ബാച്ചുകളിലായി ധ്യാനിക്കുന്ന നമ്മുടെ രൂപതയിലെ വൈദികർക്കുവേണ്ടി രൂപതാ ഇവാഞ്ചലൈസേഷൻ മദ്ധ്യസ്ഥപ്രാർത്ഥനാടീമും സെന്റ് മർത്താസ് സഭയിലെ അംഗങ്ങളും ചേർന്ന് അഖണ്ഡദിവ്യകാരുണ്യാരാധന നടത്തുന്നു. ധ്യാനം ആരംഭിക്കുന്ന ദിവസം മുതൽ അവസാനിക്കുന്ന സമയം വരെ രാത്രിയിലും പകലും തുടർച്ചയായിട്ടാണ് ഈ അഖണ്ഡമദ്ധ്യസ്ഥപ്രാർത്ഥന.

## വിശുദ്ധനാട് തീർത്ഥാടനം

രൂപതാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ മൂന്നാമത് വിശുദ്ധനാട് തീർത്ഥാടനം 2010 ഏപ്രിൽ 20-ന് പാലായിൽ നിന്നു പുറപ്പെട്ട് ഏപ്രിൽ 29-ന് തിരിച്ചെത്തുന്നു. ഈജിപ്ത്, സീനായ്, ഇസ്രായേൽ, പാലസ്തീൻ, അമ്മാൻ എന്നീ സ്ഥലങ്ങളിലെ തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിക്കുന്നതാണ്. താല്പര്യമുള്ളവർ 04822-210050 / 9447037518 എന്നീ നമ്പരുകളുമായി ബന്ധപ്പെടുക.

യാത്രചിലവ് - 60,000/-

**ഡയറക്ടർ, ഇവാഞ്ചലൈസേഷൻ**

# 2010 ഫെബ്രുവരി 14
# തിരുബാലസഖ്യദിനം

### കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

ഫെബ്രുവരി 14-ന് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണല്ലോ. കുഞ്ഞുങ്ങളുടെ സമഗ്രവളർച്ചയെ ലക്ഷ്യം വച്ച് കൊണ്ട് പ്രവർത്തിക്കുന്നതും ആഗോളകത്തോലിക്കാ സഭ മുഴുവൻ വ്യാപിച്ചു കിടക്കുന്നതുമായ കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യ സംഘടനാ സ്ഥാപകൻ. 1922 ൽ പത്താം പീയൂസ് മാർപ്പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പ തിരുബാലസഖ്യദിനം സാർവ്വത്രിക സഭ മുഴുവനും ആചരിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് തിരുബാലസഖ്യദിനമായി തിരുസഭ ആചരിക്കുന്നത്. അന്നേ ദിവസം തന്നെ നമ്മുടെ എല്ലാ ഇടവകയിലും തിരുബാലസഖ്യദിനം സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കുഞ്ഞുങ്ങൾ സഭയുടെ സമ്പത്തും രാഷ്ട്രത്തിന്റെ മുതൽക്കൂട്ടുമാണ്. അവരെ ഉത്തമ പൗരൻമാരും യഥാർത്ഥ സഭാമക്കളുമായി വളർത്തുക എന്നത് ഇന്ന് വളരെ ക്ലേശപൂർണമായിരിക്കുന്നു. കുഞ്ഞുങ്ങളെ നന്മനിറഞ്ഞവരായി ഉത്തമ ദിശാബോധത്തോടെ വളർത്തുവാനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കന്മാർക്കുമുണ്ട്. നസ്രത്തിലെ തിരുക്കുടുംബമായിരിക്കണം ഈ കാര്യത്തിൽ മാതാപിതാക്കന്മാരുടെ മാതൃക. ഈശോ ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നതുപോലെ നമ്മുടെ എല്ലാ കുഞ്ഞുങ്ങളും വളർന്ന് വരണം എന്നത് പിതാവായ ദൈവത്തിന്റെ സ്വപ്നമാണ്. കുഞ്ഞുങ്ങളെ അവരുടെ ചെറുപ്രായത്തിൽ തന്നെ സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും നാം പ്രാപ്തരാക്കണം. അതിന് തിരുബാലസഖ്യ സംഘടന വഹിക്കുന്ന പങ്ക് വളരെ ശ്രദ്ധേയമാണ്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയസംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. രാഷ്ട്രീയ പാർട്ടികൾ കുഞ്ഞുമനസുകളെ അവർക്ക്

അനുയോജ്യമാക്കി രൂപപ്പെടുത്തുവാൻ ശ്രമം ആരംഭിച്ചിരിക്കുന്നു. നിരീശ്വരവാദികളും സഭാവിരോധികളുമായ ഒരു തലമുറയെ വാർത്തെടുക്കുവാനുള്ള ഗൂഢശ്രമം നമ്മുടെ നാട്ടിൽ നടക്കുമ്പോൾ നമുക്ക് അത് കണ്ടില്ലെന്ന് നടിക്കാനാവില്ല. സഹനത്തിനും ത്യാഗത്തിനും സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. അതുകൊണ്ട് കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ മാതാപിതാക്കന്മാർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. "മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും; സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യും"(പ്രഭാ. 30:2). സഭയോടൊത്ത് ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഒരു തലമുറയ്ക്ക് ജൻമം നൽകുവാൻ തിരുബാലസഖ്യസംഘടന ശക്തിപ്പെടുത്തുന്നതിലൂടെ സാധിക്കുമെന്നതിൽ സംശയമില്ല. സഭയെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യത്തെയും അവഹേളനാപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കുവാൻ ആസൂത്രിത ശ്രമങ്ങൾ നടക്കുന്നതിനെയും നിസ്സാരമായി തള്ളിക്കളയുവാനാവില്ല. ഈ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ തിരുബാലസഖ്യസംഘടനയുടെ പ്രസക്തി ഏറുകയാണ്.

ആദ്യകുർബാന സ്വീകരിക്കുന്നതുവരെയാണ് കുട്ടികൾ തിരുബാലസഖ്യത്തിൽ പ്രവർത്തിക്കുന്നത്. കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ പ്രധാനപ്പെട്ടയൊരു കാലയളവാണിത്. നമ്മുടെ നേഴ്സറികളും, എൽ.കെ.ജി, യു.കെ.ജി. ക്ലാസ്സുകളും നമ്മൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉണ്ണീശോയുടെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മദ്ധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖയും ഉപമദ്ധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണയിൽ കുഞ്ഞുങ്ങളെ വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു.

ഈ വർഷം ഫെബ്രുവരി 14-നാണ് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ. കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ" എന്നതാണ് തിരുബാലസഖ്യത്തിന്റെ ആപ്തവാക്യം. തിരുബാലസഖ്യദിനാചരണത്തിലൂടെ ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് പരസ്പരം സ്നേഹിച്ച് സഭയുടെ വിശ്വാസം ഏറ്റുപറയുന്നു. അന്നേ ദിവസം എല്ലാ ഇടവകകളിലും കുട്ടികൾക്കു വേണ്ടി വി.കുർബാനയും പൊതു സമ്മേളനവും റാലിയും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. തിരുബാലസഖ്യദിനമാചരി

ക്കുന്ന ഞായറാഴ്ചയിലെ ദിവ്യബലി മദ്ധ്യേയെടുക്കുന്ന സ്ത്രോത്രക്കാഴ്ചയും തിരുബാലസഖ്യാംഗങ്ങൾ ഭവനസന്ദർശനവും മറ്റു പരിപാടികളും വഴി ശേഖരിക്കുന്ന തുകയും കൂടി ലോകമെമ്പാടുമുള്ള അനാഥകുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് ഫെബ്രുവരി 28-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

നമ്മുടെ ഇടവകകളിലെ 12 വയസിൽ താഴെ പ്രായമുള്ള എല്ലാ കത്തോലിക്കാ ബാലികാബാലന്മാരും ഈ സംഘടനയിൽ അംഗങ്ങളായി ഒന്നിച്ച് പ്രവർത്തിച്ച് ഉണ്ണീശോയുടെ കൂട്ടുകാരായിത്തീരണമെന്നതാണ് സഭയുടെ ആഗ്രഹം. അതിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന രൂപത, ഫെറോന, ഇടവകാപ്രവർത്തകരും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റേഴ്സും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. തിരുബാലസഖ്യാംഗങ്ങൾക്ക് ഇടവക, ഫെറോന, രൂപതാതല പരിപാടികൾ ആസൂത്രണം ചെയ്യുവാൻ എല്ലാ രൂപതാ ഡയറക്ടർമാരും ശ്രദ്ധിക്കേണ്ടതാണ്. സെമിനാറുകൾ, ധ്യാനങ്ങൾ, കലാമത്സരങ്ങൾ മുതലായവ നടത്താവുന്നതാണ്. എല്ലാ ഇടവകകളിലും ഒരു സിസ്റ്ററിനെ തിരുബാലസഖ്യ ആനിമേറ്ററായി നിയമിക്കുന്നത് ഉചിതമാണ്. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒന്നിച്ചു കൂടി പ്രാർത്ഥന നടത്തേണ്ടതും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും ചെയ്യേണ്ടതാണ്. അങ്ങനെ ഭാവി സമൂഹത്തിന് നമുക്ക് അടിത്തറ പണിയാം.

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണീശോയ്ക്ക് സമർപ്പിക്കുന്നു. ബാലനായ ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നതുപോലെ, ഈശോയെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ,

പി.ഒ.സി., കൊച്ചി
09. 01. 2010

**ബിഷപ്പ് ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

NB: ഈ സർക്കുലർ ഫെബ്രുവരി 14-ന് ഞായറാഴ്ച പള്ളികളിൽ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അന്നേദിവസം പ്രത്യേക പിരിവ് നടത്തി കിട്ടുന്ന തുക മാർച്ച് 7-ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.

ലേഖനം

# ബര്‍ലിന്‍ സംഗീതവും മാലാഖമാരുടെ സംഗീതവും

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാന്‍

മതിലുകളില്ലാത്ത ലോകം മനുഷ്യകുലത്തിന്റെ സ്വപ്നമാണ്. ബനഡിക്ട് പതിനാറാമന്‍ പാപ്പാ തന്റെ 'സത്യത്തില്‍ സ്നേഹം' എന്ന ചാക്രികലേഖനത്തില്‍ പുരോഗതിയെ നിര്‍വ്വചിച്ചത് ഇപ്രകാരമാണ്: "ബന്ധം എന്ന യാഥാര്‍ത്ഥ്യത്തിലൂടെ എല്ലാ വ്യക്തികളും രാജ്യങ്ങളും മനുഷ്യകുലമാകുന്ന ഏക സമൂഹത്തിന്റെ ഭാഗമായിത്തീരുന്ന പ്രക്രിയയാണ് പുരോഗതി." ഇരുപതാംനൂറ്റാണ്ടിന്റെ രാഷ്ട്രീയചരിത്രത്തിന്റെ ഐതിഹാസികസംഭവങ്ങളിലൊന്നാണ് സോവിയറ്റ്‌യൂണിയന്റെ പതനം. 1917 തുടങ്ങി 1991 വരെയുള്ള 74 സുദീര്‍ഘവര്‍ഷങ്ങളില്‍ കമ്മ്യൂണിസ്റ്റ്‌രാഷ്ട്രങ്ങളില്‍ ഭൂമിയില്‍ സ്വര്‍ഗ്ഗം പണിയുന്നതിനുവേണ്ടി കൊലചെയ്യപ്പെട്ട നിരപരാധികള്‍ പത്തുകോടിയോളമാണ്. മിഖായേല്‍ ഗോര്‍ബച്ചോവിന്റെ ഗ്ലാസ്നോസ്റ്റ് (തുറവി), പെരിസ്ട്രോയ്ക്ക (സാമ്പത്തിക പുനര്‍നിര്‍മ്മാണം) തുടങ്ങിയ നവീന ആശയങ്ങള്‍ ഉണര്‍ത്തിയ ആവേശം കമ്മ്യൂണിസത്തെ ചരിത്രത്തിന്റെ ചാരക്കൂമ്പാരത്തിലേക്ക് തള്ളി; ഇരുമ്പുമറ തകര്‍ക്കപ്പെട്ടു. ലോകശക്തിയായിരുന്ന റഷ്യ ഛിന്നഭിന്നമായി, സോവ്യറ്റ് യൂണിയന്റെ 'ഉപഗ്രഹങ്ങ'ളായിരുന്ന അര്‍മേനിയ, അസര്‍ബൈജാന്‍, ബെലാറസ്, യുസ്റ്റോണിയ, ജോര്‍ജ്ജിയ, കസാക്കിസ്ഥാന്‍ തുടങ്ങി പതിനാലു പൂര്‍വ്വയൂറോപ്യന്‍ രാഷ്ട്രങ്ങള്‍ ജനാധിപത്യത്തിന്റെ ശുദ്ധവായു ശ്വസിക്കുന്നതിന് ഇട വന്നു. അതായത് കമ്മ്യൂണിസ്റ്റ് ആധിപത്യത്തിനു തിരശ്ശീല വീണു. 1980-കളില്‍ സോവ്യറ്റ് യൂണിയനിലും പരിസരങ്ങളിലുമുണ്ടായ സ്വാതന്ത്ര്യസമരാവേശം അതിന്റെ മൂര്‍ദ്ധന്യത്തിലെത്തിയത് 1989 നവംബര്‍ 9-ന് സന്ധ്യയ്ക്ക് നടന്ന കുപ്രസിദ്ധമായ ബര്‍ളിന്‍മതിലിന്റെ പതന

ത്തോടെയാണ്. ജനങ്ങൾ കൂട്ടമായി കിഴക്കൻ (കമ്മ്യൂണിസ്റ്റ്) ജർമ്മനിയുടെ പ്രത്യയശാസ്ത്രത്തിനും നയത്തിനും എതിരാവുകയും സംഘടിക്കുകയും ചെയ്തതിന്റെ ഫലമായി 'സമാധാനവിപ്ലവത്തിലൂടെ' 1989 -ൽ ബർളിൻമതിൽ തകർക്കപ്പെട്ടു. ഒരൊറ്റ ജർമ്മനി എന്ന ചിന്ത ഉടലെടുക്കുകയും ചെയ്തു. പശ്ചിമ-പൂർവ്വജർമ്മനികളെ വേർതിരിച്ചിരുന്ന ഈ മതിലിന്റെ തകർച്ച 1989 ഡിസംബർ 25-ന്, പശ്ചിമ-പൂർവ്വ ജർമ്മനി, ബ്രിട്ടൺ, ഫ്രാൻസ്, അമേരിക്ക തുടങ്ങിയ രാഷ്ട്രങ്ങളിലെ അതിപ്രഗത്ഭരായ സംഗീതജ്ഞന്മാർ ബർളിനിൽ ഒത്തുചേർന്നു സ്വാതന്ത്ര്യത്തിന്റെ സംഗീതവിരുന്നു നടത്തി ആഘോഷിച്ചു. സ്വാതന്ത്ര്യത്തിന്റെ ആ സംഗീതവിരുന്നിന് 2009 ഡിസംബർ 25-ന് ഇരുപതുവയസ്സ് പൂർത്തിയാവുകയാണ്. ഉണ്ണിഈശോയുടെ ജനനത്തിലും മാലാഖമാർ സംഗീതം ആലപിക്കുകയായിരുന്നല്ലോ: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും പ്രത്യാശയും."

മതിലുകൾ ആധുനികലോകത്തിന്റെ സൃഷ്ടിയല്ല; നാഗരികതയും മതിലും ഇരട്ടകുട്ടികളാണ്. 'നല്ല മതിലുകൾ നല്ല അയൽക്കാരെ സൃഷ്ടിക്കും' എന്ന പഴഞ്ചൊല്ലിൽ പതിരില്ല. ശത്രുക്കളുടെ ആക്രമണത്തെ പ്രതിരോധിക്കുവാനും അതിർത്തിതർക്കങ്ങൾ ഒഴിവാക്കാനും മതിലുകൾ സഹായിക്കുന്നു എന്നത് വസ്തുതയാണ്. എങ്കിലും പരസ്പരവിശ്വാസം നഷ്ടപ്പെടുമ്പോഴാണ് മതിലുകൾ ഉയരുന്നത് എന്നു പറയാതെ വയ്യ.

ജർമ്മനിയെ വെട്ടിമുറിച്ച ബർളിൻമതിൽനിർമ്മാണം നടന്നത് 1961-ലാണ്. ഈ മതിലിന്റെ ലക്ഷ്യം വിചിത്രമായിരുന്നു. അന്യരുടെ പ്രവേശനം തടയുന്നതിനാണ് സാധാരണഗതിയിൽ മതിലുകൾ കെട്ടിപ്പൊക്കുന്നതെങ്കിൽ, സ്വന്തം പൗരന്മാരെ രാജ്യത്തിനുള്ളിൽ തളച്ചിടാനാണ് ബർളിൻ മതിൽ നിർമ്മിച്ചത്. അതോടെ പൂർവ്വബർളിനും പൂർവ്വ ജർമ്മനിയും കമ്മ്യൂണിസത്തിന്റെ തടവറക്കുള്ളിലായി. കമ്മ്യൂണിസ്റ്റുകാർ അവകാശപ്പെട്ടിരുന്നതുപോലെ പൂർവ്വജർമ്മനി ഒരു പറുദീസ

യായിരുന്നെങ്കിൽ മതിലുകൾ അനാവശ്യമായിരുന്നു. സ്വർഗ്ഗത്തിൽനിന്ന് ആരെങ്കിലും നരകത്തിലേക്ക് ഒളിച്ചോടുമോ? ജർമ്മൻജനതയുടെ, പ്രത്യേകിച്ച് ബർളിൻനിവാസികളുടെ ഹൃദയത്തിന് കുറുകെ പണിത ഇരുമ്പുകർട്ടനായിരുന്നു ബർളിൻഭിത്തി. പശ്ചിമജർമ്മനി പുരോഗിതയുടെയും സമൃദ്ധിയുടെയും വിരുന്നുണ്ടപ്പോൾ, പൂർവ്വജർമ്മനി അടിമത്തത്തിന്റെയും അധോഗതിയുടെയും കയ്പുനീർ കുടിച്ചു. അടിമത്തത്തിന്റെ കനത്ത കാരാഗൃഹഭിത്തിയായിരുന്ന ഇത് വലിയ മുന്നറിയിപ്പും പാഠങ്ങളും നമുക്ക് നല്കുന്നുണ്ട്. മനുഷ്യൻ മനുഷ്യനെ മൂഢ ആശയങ്ങളും വ്യർത്ഥമോഹങ്ങളും നൽകി, മസ്തിഷ്ക്കപ്രക്ഷാളനം നടത്തി സ്വാതന്ത്ര്യത്തിന്റെ പേരിൽ ബന്ധനത്തിന്റെ കനത്ത ഭാരം ചുമത്തിയതിന്റെ ദാരുണസ്മാരകമാണ് ബർളിൻമതിൽ. ഭൂമിയിൽ സ്വർഗ്ഗം എന്ന കിട്ടാക്കനിക്കുവേണ്ടി മനുഷ്യൻ മനുഷ്യരെ വഞ്ചിച്ചതിന്റെ അടയാളമാണത്. കമ്മ്യൂണിസം ചരിത്രത്തിലൂടെ ഒഴുക്കിയ മനുഷ്യരക്തം ഘനീഭവിച്ച് ഉറഞ്ഞുകൂടിയതായിരുന്നു ആ കരിങ്കൽഭിത്തി. കമ്മ്യൂണിസത്തെ അനുകൂലിച്ച പൂർവ്വജർമ്മൻ ഭരണകൂടം ബർളിൻമതിലിനെ വിശേഷിപ്പിച്ചത് 'ഫാസിസത്തെ തടയുന്ന സംരക്ഷണഭിത്തി' എന്നാണ്. പടിഞ്ഞാറൻ രാജ്യങ്ങൾ ഫാസിസ്റ്റ് രാജ്യങ്ങളാണെന്നും അവർ വിശേഷിപ്പിച്ചു. എന്നാൽ പശ്ചിമബർളിൻ ഭരണകൂടം ബർളിൻമതിലിനെ വിശേഷിപ്പിച്ചത് 'നാണക്കേടിന്റെ മതിൽ' എന്നത്രേ. പൂർവ്വജർമ്മൻ കമ്മ്യൂണിസ്റ്റുകാർ 1961-ൽ പണിത ബർളിൻമതിൽ മൂന്നുപതിറ്റാണ്ടുകാലം ചരിത്രത്തിനു മുന്നിൽ ചോദ്യചിഹ്നമായി ഉയർന്നുനിന്നു. ഈ മതിൽ മറച്ചുവയ്ക്കാനാഗ്രഹിച്ച വ്യാജങ്ങൾ എല്ലാം ലോകം തിരിച്ചറിഞ്ഞു. അവയ്ക്കുള്ളിലാക്കപ്പെട്ട മനുഷ്യജീവിതങ്ങൾ ഉയർത്തിയ തപ്തഗാനങ്ങളും ബാഷ്പഗാനങ്ങളും കരിങ്കൽഭിത്തിയെ ഭേദിച്ച് പുറംലോകത്തെത്തി. 1989 ജനുവരിയിൽ കമ്മ്യൂണിസ്റ്റ് ജർമ്മനിയുടെ ഭരണകർത്താവ് എറിച്ച് ഹോനേക്കർ പ്രഖ്യാപിച്ചു, ഒരു നൂറുവർഷംകൂടി ആ മതിൽ നിലനില്ക്കുമെന്ന്. അതേവർഷംതന്നെ ആ മതിൽ നിലംപതിച്ചത് ചരിത്രത്തിന്റെ വൈപരീത്യങ്ങളിൽ ഒന്നുമാത്രം.

ബർളിൻമതിൽ നിർമ്മാണത്തിന് ഇന്ധനം നല്കിയത് കമ്മ്യൂണിസ്റ്റ് ഏകാധിപത്യമാണ്. വർഗ്ഗസമരം, നിയമവിധേയമായ സോഷ്യലിസം, തൊഴിലാളിവർഗ്ഗത്തിന്റെ ഏകാധിപത്യം തുടങ്ങിയ ലെനിനിസ്റ്റ് ആശയങ്ങൾ പ്രയോഗത്തിൽ വരുത്തുവാൻവേണ്ടി ഒരു ജനവിഭാഗത്തെ മുഴുവനും ബലിയാടുകളാക്കിയ കഥയാണ് പൂർവ്വജർമ്മനിയുടേത്. 1987-ൽ ബർളിൻമതിൽ പൊളിച്ചുമാറ്റണമെന്ന് അമേരിക്കൻപ്രസിഡന്റായിരുന്ന റൊണാൾഡ് റീഗന്റെ നിർദ്ദേശം അന്നത്തെ സോവിയറ്റ് യൂണിയൻ കമ്മ്യൂണിസ്റ്റുപാർട്ടി ജനറൽ സെക്രട്ടറിയായിരുന്ന മിഖായേൽ ഗോർബച്ചേവ് അവഗണിച്ചുവെങ്കിലും പിന്നീട് മനസ്സുമാറ്റി. അഴിമതിയും അധർമ്മവും റഷ്യയെ അകമേനിന്ന് കാർന്നുതിന്നു എന്ന് ഗോർബച്ചേവ്തന്നെ തുറന്നുസമ്മതിച്ചു. 1991-ൽ സോവിയറ്റ്യൂണിയൻ ചരിത്രമായി കാലത്തിന് കീഴ്പ്പെട്ടു. റഷ്യയുടെ ശക്തി അസ്തമിച്ചതോടെ ലോകകമ്മ്യൂണിസവും ദിശമാറി ഒഴുകിത്തുടങ്ങി. പൂർവ്വയൂറോപ്യൻ രാഷ്ട്രങ്ങൾക്കൊപ്പം ആഫ്രിക്കയും കമ്മ്യൂണിസത്തെ കൈവിട്ടു. കമ്മ്യൂണിസം വിഭാവനം ചെയ്യുന്ന മാനവികത, ആത്മാവില്ലാത്ത ശരീരംപോലെ മൃത്യുവിന്റെ ഒരു സംസ്ക്കാരമാണ്. ബനഡിക്ട് പതിനാറാമൻ പാപ്പായുടെ അർത്ഥനിറമുള്ള വാക്കുകൾ: “മനുഷ്യനിർമ്മിതപദ്ധതികളിലോ പ്രത്യയശാസ്ത്രങ്ങളിലോ സ്വപ്നഭൂമികളിലോ അമിതമായ വിശ്വാസം അർപ്പിക്കുമ്പോൾ മനുഷ്യകുലംതന്നെ ഒറ്റപ്പെടുന്നു..... രാജ്യങ്ങളുടെ വികസനം ആശ്രയിച്ചിരിക്കുന്നത് എല്ലാറ്റിനുമുപരി, മനുഷ്യരാശി മുഴുവനും ഒരു കുടുംബമാണെന്ന് അംഗീകരിക്കുന്നതിലാണ്. ഒന്നിച്ച് ജീവിക്കേണ്ടിവരുന്ന വ്യക്തികളുടെ വെറും ഒരു കൂട്ടമല്ലത്, മറിച്ച് യഥാർത്ഥ കൂട്ടായ്മയോടെ സഹകരിച്ച് പ്രവർത്തിക്കേണ്ട ഒരു വലിയ കുടുംബബന്ധമാണത്” (സത്യത്തിൽ സ്നേഹം, 53). നീതി, സമാധാനം എന്നീ അടിസ്ഥാനമൂല്യങ്ങളുടെ അടിത്തറയായുള്ള പരസ്പരസഹകരണത്തിലാണ് മാനവകുടുംബം പണിയപ്പെടേണ്ടത്.

ഇരുപതാംനൂറ്റാണ്ടിൽ ഒരു മൂന്നാംലോകമഹായുദ്ധം എന്ന ഭീകരയാഥാർത്ഥ്യത്തിന്റെ കരിനിഴലായി വർത്തിച്ചിരുന്ന ശീതസമരം ബർളിൻമതിലിന്റെ പതനത്തോടെ അപ്രത്യക്ഷമായി. ചരിത്രം നല്കുന്ന പാഠങ്ങൾ ഉൾക്കൊള്ളാൻ ലോകം തയ്യാറാകുമോ? ബർളിൻമതിലിന്റെ തകർച്ച ചില സത്യങ്ങൾ ഉദ്ഘോഷിക്കുന്നുണ്ട്. കമ്മ്യൂണിസ്റ്റ് ഏകാധിപത്യത്തിന്റെ പരാജയസ്മാരകമാണത്. ഈ ദുഃഖസ്മാരകം മുതലാളിത്തവ്യവസ്ഥിതിയ്ക്കും ശക്തമായ മുന്നറിയിപ്പുകൾ നല്കുന്നുണ്ട്. ഇന്ന് പല രാജ്യങ്ങളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മുതലാളിത്തത്തിന്റെ ചതിക്കുഴികൾ തിരിച്ചറിയാതിരുന്നതിന്റെ തിക്തഫലമല്ലേ? ജോൺപോൾ രണ്ടാമൻ പാപ്പായും ബനഡിക്ട് പതിനാറാമൻ പാപ്പായും മുതലാളിത്തത്തിന്റെ മുഖംനോട്ടമില്ലാത്ത ആസക്തികൾ വരുത്തുന്ന അപകടങ്ങളെക്കുറിച്ച് ശക്തമായ താക്കീതുകൾ നല്കുന്നുണ്ട്. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ കമ്മ്യൂണിസത്തെ തള്ളിപ്പറയുക മാത്രമല്ല, ആധുനിക കമ്പോളസംസ്ക്കാരത്തിന്റെ കർതൃത്തം വഹിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയേയും ശക്തമായി വിമർശിച്ചിരുന്നു. കലഹങ്ങളും, അതിർത്തിതർക്കങ്ങളും ഉച്ചനീചത്വങ്ങളും വംശീയകലാപങ്ങളും ഭീകരവാദമെന്ന ദുർഭൂതത്തിന്റെ അഴിഞ്ഞാട്ടവും ഇന്നും തുടരുന്നു.

തകർന്ന ബർലിൻമതിൽ നമുക്കു നല്കുന്ന സന്ദേശം എല്ലാ സിദ്ധാന്തങ്ങൾക്കും ഉപരിയായി ജനങ്ങൾ സ്വാതന്ത്ര്യത്തെ വിലമതിക്കുന്നു എന്നതാണ്. കമ്മ്യൂണിസം മനുഷ്യസ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്. മതിൽ തകർന്നപ്പോൾ പൂർവ്വജർമ്മൻകാർ നേടിയത് സർവ്വസാധാരണമായ ചില സ്വാതന്ത്ര്യങ്ങളാണ് - യാത്ര ചെയ്യാൻ, നാണയമാറ്റം നടത്താൻ, ജോലി മാറിയെടുക്കാൻ, വീടുമാറാൻ, ചിന്തിക്കാൻ, സംസാരിക്കാൻ തുടങ്ങിയവ. ബർളിൻമതിലിന്റെ തകർച്ച പ്രതീക്ഷയുടെ ഒരു പാഠമാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി ജോലി ചെയ്യുകയും പോരാടുകയും ചെയ്യുന്നവരുടെ നിശ്ചയദാർഢ്യത്തിനും പ്രത്യാശയ്ക്കുംമുമ്പിൽ സ്വേച്ഛാധിപത്യത്തിന് പിടിച്ചുനില്ക്കാനാവില്ല.



ബർളിലിനിൽ ഐക്യത്തിന്റെ സ്വാതന്ത്ര്യഗാനം ആലപിച്ച് ബർലിൻ ഭിത്തിയുടെ പതനത്തിന്റെ ഇരുപതാംവാർഷികം ആഘോഷിക്കുമ്പോൾ, ശത്രുതയുടെ മതിൽക്കെട്ടുകൾ തകർക്കുകയും വിദൂരസ്ഥരോടും സമീപസ്ഥരോടും സമാധാനം പ്രസംഗിക്കുകയും ചെയ്ത ബേത്‌ലഹേമിലെ ഉണ്ണിഈശോയുടെ സമാധാനസന്ദേശം സ്വീകരിക്കാൻ നമുക്കു കാതോർക്കാം. ആയുധങ്ങളുടെ സ്ഥാനത്ത് ഒലിവുശാഖകൾ കരങ്ങളിലേന്താം. സകലമനുഷ്യഹൃദയങ്ങളിലേക്കും ഒലിവുകമ്പുകളുമായി സമാധാനത്തിന്റെ പ്രാവ് പറന്നിറങ്ങട്ടെ. എല്ലാ സംഗീതശീലുകളും മാലാഖ പാടിയ ഗാനത്തിലേയ്ക്കുള്ള വഴികളാകട്ടെ: “അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം”. ഈ ഗാനം നിരന്തരമായ ഒരു പ്രബോധനപാഠശാലയാണ്. “അന്ധകാരത്തിൽനിന്ന് പ്രകാശം ഉണ്ടാകട്ടെ എന്ന് അരുളിച്ചെയ്ത ദൈവംതന്നെയാണ്, ക്രിസ്തുവിന്റെ മുഖത്തു വെളിവാക്കപ്പെട്ട ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവിന്റെ പ്രകാശം ഞങ്ങൾക്ക് തരേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്നത്” (2 കോറി. 4:6).

ദൈവത്തെ അവഗണിച്ച് മുന്നേറാൻ ശ്രമിക്കുന്ന ലോകത്തിന്റെ പരാജയങ്ങളും മനുഷ്യന്റെ നന്മ ആഗ്രഹിക്കുന്ന ദൈവത്തിന്റെ കരം പിടിച്ചു മുന്നേറുമ്പോൾ ലോകത്തിനുണ്ടാകുന്ന വിജയങ്ങളും ആണ് ഈശോയുടെ പിറവിയിൽ മാലാഖമാർ പാടിയ സംഗീതം നമ്മെ പഠിപ്പിക്കുന്നത്. മാലാഖമാരുടെ ഈ സംഗീതത്തിനിടയിൽ ദൈവം നമ്മിൽ പിറക്കട്ടെ. അപ്പോഴാണ് ക്രിസ്തുമസ് മനുഷ്യന്റെ സന്തോഷത്തിന്റെ മാത്രമല്ല, ദൈവത്തിന്റെ സന്തോഷത്തിന്റെയും തിരുനാളാകുന്നത്. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികൾ പൂർണ്ണമാക്കപ്പെടുന്നതിന്റെ സന്തോഷമാണിത്. ഈ സന്തോഷമാണ് സംഗീതത്തിന്റെ പരമകാഷ്ഠ. ബർളിനിൽ പാടിയ സ്വാതന്ത്ര്യത്തിന്റെ സംഗീതം പൂർണ്ണ അർത്ഥം പ്രാപിക്കുന്നത് മാലാഖമാർ പാടിയ സംഗീതത്തിലാണെന്ന് തിരുപ്പിറവിയിൽ നമുക്ക് തിരിച്ചറിയാം.

# പൗരോഹിത്യ ആദ്ധ്യാത്മിക ധ്യാനചിന്തകൾ

ഫാ. മാത്യു വെള്ളാനിക്കൽ

## പാദം കഴുകുന്ന പുരോഹിതൻ

**(തിരുവചനഭാഗം: യോഹ. 13:1-20)**

സെനക്കിൾ അഥവാ അന്ത്യഅത്താഴവേദി ക്രൈസ്തവ പൗരോഹിത്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റം പ്രാധാന്യമർഹിക്കുന്ന ഒരു വേദിയാണ്. അവിടെയാണ് നിത്യപുരോഹിതനായ ഈശോ തന്റെ പൗരോഹിത്യത്തിൽ പങ്കുചേർന്ന പന്ത്രണ്ടു ശ്ലീഹന്മാരുമൊന്നിച്ച് അന്ത്യനിമിഷങ്ങൾ ചെലവഴിച്ചത്. അവിടെ വച്ചാണ് തന്റെ ഹൃദയരഹസ്യങ്ങളും അന്ത്യാഭിലാഷങ്ങളും ഈശോ തന്റെ സ്വന്തമായവരുമായി പങ്കുവച്ചത്. ഭാവിയിൽ തന്റെ തുടർച്ചയായി തീരേണ്ട സഭയെക്കുറിച്ചും സഭയുടെ കേന്ദ്രമായ വി. കുർബാനയെക്കുറിച്ചും സഭാശുശ്രൂഷകരായ തന്റെ പുരോഹിതരെക്കുറിച്ചും തനിക്കുള്ള പ്രതീക്ഷകൾ ഈശോ വെളിപ്പെടുത്തിയതും ഈ വേദിയിൽ തന്നെയാണ്. അതുകൊണ്ട് ഈ അന്ത്യഅത്താഴവേദിയിൽ സ്വയം വെളിപ്പെടുത്തുന്ന നിത്യപുരോഹിതനായ ഈശോയെ നമുക്കു ധ്യാനവിഷയമാക്കാം. അതിലൂടെ പൗരോഹിത്യത്തിന്റെ സ്വഭാവവും പ്രത്യേകതകളും കണ്ടെടുക്കാൻ നമുക്കു ശ്രമിക്കാം.

അന്ത്യഅത്താഴ വിവരണത്തിന് ആരംഭം കുറിക്കുന്നത് പാദം കഴുകൽ ശുശ്രൂഷയാണ്. വരാൻ പോകുന്ന തന്റെ പീഡാനുഭവ മരണോത്ഥാനങ്ങളേയും അതിലൂടെ പൂർത്തിയാകാൻ പോകുന്ന ദൈവത്തിന്റെ രക്ഷാകർമ്മത്തെയും പ്രഖ്യാപിക്കുന്ന പ്രവചനപരമായ ഒരു പ്രവൃത്തിയാണ് പാദം കഴുകൽ ശുശ്രൂഷ. "അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ് മേലങ്കി മാറ്റി" (വാക്യം 4) "പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ചു" (വാക്യം 12) എന്നു പറയുന്നത് ഈശോയുടെ മരണത്തെയും ഉത്ഥാനത്തെയും പ്രതീകാത്മകമായി സൂചിപ്പിക്കുന്നുണ്ട്. ശിമയോൻ പത്രോസുമായുള്ള സംഭാഷണത്തിൽ (വാക്യം 6-8) ഇത് വ്യക്തമാക്കുന്നുമുണ്ട്. ഈ പാദം കഴുകലിൽ വെളിപ്പെടുന്ന മിശിഹായുടെ പൗരോഹിത്യ സ്വഭാവം ധ്യാനവിഷയമാക്കാം.

## 1. പുരോഹിതൻ : പെസഹാനുഭവം ജീവിക്കുന്നവൻ

*"ഈ ലോകം വിട്ടു പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് ഈശോ അറിഞ്ഞു"* (വാക്യം1).

ഈശോ തന്റെ ജീവിതം നയിച്ചിരുന്നത് 'പെസഹാ' അഥവാ 'തന്റെ പിതാവിന്റെ പക്കലേക്കുള്ള കടന്നുപോകൽ' മുന്നിൽ കണ്ടുകൊണ്ടാണ്. ഈശോ തന്റെ ജീവിതാന്ത്യത്തോടടുത്തുകൊണ്ടിരുന്നപ്പോൾ പെസഹായെക്കുറിച്ചുള്ള അനുസ്മരണം തുടർച്ചയായി നടക്കുന്നതായി സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു (യോഹ 11:55; 12:1). ശിഷ്യരോടുകൂടെ അവസാന പെസഹാ ഭക്ഷിക്കുവാൻ ഈശോ അത്യധികം ആഗ്രഹിച്ചു. "പീഡയനുഭവിക്കുന്നതിനു മുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു" (ലൂക്കാ 22:15). ശിഷ്യരുടെ പാദങ്ങൾ കഴുകുന്നതിനുമുമ്പ് തന്റെ കടന്നുപോകലിനെക്കുറിച്ചുള്ള അവബോധം ഈശോ വ്യക്തമായി പ്രകടമാക്കുന്നുണ്ട്: "താൻ ദൈവത്തിൽ നിന്നു വരികയും ദൈവത്തിലേക്കു പോവുകയും ചെയ്യുന്നുവെന്നും ഈശോ അറിഞ്ഞു" (വാക്യം 3). തന്റെ കടന്നുപോകൽ പീഡാനുഭവമരണ ഉത്ഥാനങ്ങളിലൂടെയാണെന്നുമുള്ള അവബോധം ഈശോയ്ക്ക് ഉണ്ടായിരുന്നു. സഹനത്തിലൂടെ മഹത്വത്തിലേക്ക് കടക്കുന്ന ഒരു കടന്നുപോകലായതുകൊണ്ട് "മഹത്വീകരണം" എന്ന് ഈ കടന്നുപോകലിനെ അവിടുന്നു വിശേഷിപ്പിക്കുന്നു: "പിതാവേ സമയമായിരിക്കുന്നു. പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്വപ്പെടുത്തണമേ" (യോഹ. 17:1). തന്റെ കടന്നുപോകൽ മനുഷ്യകുലത്തിന്റെ മുഴുവൻ കടന്നുപോകലായിരുന്നു. ഈ കടന്നുപോകലിലൂടെയാണ് മനുഷ്യകുലത്തെ മുഴുവൻ പിതാവിന്റെ പക്കലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ അവിടുത്തേക്ക് കഴിഞ്ഞത്. "അന്ധകാരത്തിന്റെ ആധിപത്യത്തിൽ നിന്ന് അവിടുന്ന് നമ്മെ വിമോചിപ്പിച്ചു. അവിടുത്തെ പ്രിയപുത്രന്റെ രാജ്യത്തിലേക്ക് നമ്മെ ആനയിക്കുകയും ചെയ്തു" (കൊളോ. 1:13). തന്റെ പെസഹാ രഹസ്യത്തിൽ ഉൾച്ചേർന്നു ജീവിക്കുന്നവരെ അവിടുന്നു തന്നോടൊപ്പം പിതാവിന്റെ സന്നിധിയിലേക്ക് ആനയിക്കും.

ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന ഓരോ പുരോഹിതനും അവിടുത്തെ പെസഹാനുഭവത്തിൽ പങ്കുചേരുന്നവനാകണം. പുതിയ നിയമത്തിൽ ശ്ലീഹന്മാരുടെ പിൻഗാമികളായ ശ്രേഷ്ഠന്മാരെ അവരുടെ അജപാലന ധർമ്മത്തെപ്പറ്റി വി. പത്രോസ് ശ്ലീഹാ ഉപദേശിക്കുമ്പോൾ ഈ പെസഹാനുഭവത്തെപ്പറ്റി അവരെ അനുസ്മരിപ്പിക്കുന്നുണ്ട്. സഹനത്തിലൂടെ മഹത്വത്തിലേക്കുള്ള ഒരു യാത്രയാണ് അവരുടെ ശുശ്രൂഷാജീവിതമെന്ന് പ്രത്യേകം എടുത്തുപറയുന്നു. "ഒരു സഹശ്രേഷ്ഠനും മിശിഹായുടെ സഹ

നങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്വത്തിന്റെ പങ്കുകാരനും എന്ന നിലയിലാണ്" (1 പത്രോസ് 5:1) പത്രോസ് ശ്ലീഹാ അവരെ ഉപദേശിക്കുന്നത്. പെസഹാനുഭവം ജീവിച്ചുകൊണ്ടുള്ള അജപാലന ശുശ്രൂഷ മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടത്തിന് അവരെ അർഹരാക്കുമെന്നും അവിടെ പ്രത്യേകം പ്രസ്താവിക്കുന്നു (1 പത്രോസ് 5:5). പെസഹാരഹസ്യത്തിന്റെ ആഘോഷമായ വി. കുർബാനയിൽ കേന്ദ്രീകൃതമായ പുരോഹിതന്റെ ജീവിതത്തിലും ശുശ്രൂഷയിലും പെസഹാനുഭവം അവശ്യം അന്വർത്ഥമാകണം. ഈശോയോടു ചേർന്ന് സഹനത്തിലൂടെ മഹത്വത്തിലേക്കു നടന്നടുക്കുന്ന പെസഹാനുഭവം ജീവിക്കുവാൻ തന്റെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെടുന്നവരെ പരിശീലിപ്പിക്കുകയും വേണം.

## 2. പുരോഹിതൻ : പൂർണ്ണതയിൽ സ്നേഹിക്കുന്നവൻ

*"ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു"* (വാക്യം 1).

ഈശോ ലോകത്തിലേക്കു വന്നത് ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹം വെളിപ്പെടുത്തുവാനാണ്. ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹസമ്മാനമായിരുന്നല്ലോ ഈശോമിശിഹാ: "തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16). ഈശോയുടെ ജീവിതം മുഴുവൻ ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു. അതിന്റെ പൂർത്തീകരണമായിരുന്നു ഈശോയുടെ പീഡാനുഭവവും മരണവും ഉത്ഥാനവും. അതുകൊണ്ടാണ് ഈശോ 'അവസാനം വരെ സ്നേഹിച്ചു' എന്നു യോഹന്നാൻ പറയുന്നത്. ഇവിടെ 'അവസാനം' എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'തേലോസ്' എന്നാണ്. 'തേലോസ്' എന്ന വാക്കിന് 'അവസാനം' എന്നും 'പൂർണ്ണത' എന്നും അർത്ഥമുണ്ട്. തന്റെ ജീവിതാവസാനംവരെ സ്നേഹത്തിന്റെ ജീവിതമാണ് ഈശോ നയിച്ചത്. ഒരു നിമിഷംപോലും ഈശോ സ്നേഹമില്ലാതെ ജീവിച്ചിട്ടില്ല. തന്റെ വാക്കുകളും പ്രവൃത്തികളും അത്ഭുതങ്ങളും എല്ലാം ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുന്നതായിരുന്നു. തന്റെ പീഡാനുഭവവും മരണവും ഈ വെളിപ്പെടുത്തലിന്റെ പൂർത്തീകരണമായിരുന്നു.

'തേലോസ്' എന്ന വാക്കിന് 'പൂർണ്ണത' എന്നും അർത്ഥമുള്ളതുകൊണ്ട് ഈശോ 'പൂർണ്ണതയിൽ സ്നേഹിച്ചു' എന്നും പറയാം. പൂർണ്ണതയിൽ എന്നു പറയുമ്പോൾ അത് ഈശോയുടെ ദൈവസഹജമായ സ്നേഹത്തെയാണ് സൂചിപ്പിക്കുക. ദൈവം പരിപൂർണ്ണനാണ്: "നിങ്ങളുടെ സ്വർഗ്ഗ

സ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ. 5:48). ഇവിടെ ദൈവത്തിന്റെ ക്ഷമിക്കുന്ന, കരുണയുള്ള, നിലയ്ക്കാത്ത, സ്നേഹത്തെയാണ് പരാമർശിക്കുന്നത് (മത്താ. 5:44-48). തന്റെ ശത്രുക്കളോടുപോലും കുരിശിൽ കിടന്നുകൊണ്ട് ക്ഷമിച്ച് സ്നേഹിക്കുന്ന ഈശോയെയാണ് നാം കാണുന്നത് (ലൂക്കാ 23:34). അതുപോലെ ഒരു വ്യക്തിക്ക് കൊടുക്കാവുന്ന പരമാവധി സ്നേഹവും ഈശോയിൽ നാം കാണുന്നുണ്ട്. "ഒരു മനുഷ്യൻ തന്റെ സ്നേഹിതർക്കുവേണ്ടി സ്വജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15:13). 'പാദം കഴുകൽ' ഈശോയുടെ വരാൻ പോകുന്ന മരണത്തിന്റെ, ജീവൻ സമർപ്പിച്ചുകൊണ്ടുള്ള സ്നേഹത്തിന്റെ, ഒരു അടയാളമായിരുന്നു. ആ വിധത്തിൽ പൂർണ്ണതയുള്ള സ്നേഹമാണ് ഈശോ ശിഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത് (വാക്യം 14). ഈശോയുടെ ഈ സ്നേഹമാണ് ഈശോയുടെ പുരോഹിതരുടെ മുഖമുദ്രയാവേണ്ടത്. പ്രത്യേകിച്ച് പുരോഹിതരുടെ അജപാലനശുശ്രൂഷയിൽ പ്രാവർത്തികമാകേണ്ട അജപാലനസ്നേഹം ഈശോയിൽ ദൃശ്യമായ ഈ പൂർണ്ണതയിലുള്ള സ്നേഹമാണ്.

### 3. പുരോഹിതൻ : ബലിയർപ്പകനും ബലിവസ്തുവും

*"ഈശോ പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീട് അറിയും"* (വാക്യം 7).

ഈശോ ശിഷ്യരുടെ പാദങ്ങൾ കഴുകുന്നതിന്റെ അർത്ഥം വ്യക്തമാക്കുന്നത് ശെമയോൻ പത്രോസുമായുള്ള ഡയലോഗിലൂടെയാണ്. തന്റെ പാദങ്ങൾ കഴുകുന്നതിന് പത്രോസ് തടസ്സം പറഞ്ഞപ്പോൾ താൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ പത്രോസിന് അറിഞ്ഞുകൂടാ എന്നും, എന്നാൽ പിന്നീട് അറിയുമെന്നും ഈശോ മറുപടി പറഞ്ഞു. പാദം കഴുകലിന് അതിൽതന്നെ വ്യക്തമല്ലാത്ത ഒരു അർത്ഥമുണ്ടെന്നും അത് പിന്നീട് വ്യക്തമാകുമെന്നും ഈശോ ഇവിടെ സൂചിപ്പിക്കുന്നു. വരാനിരിക്കുന്ന മരണത്തെയാണ് പാദം കഴുകൽ അടയാളപ്പെടുത്തുന്നത്. പത്രോസ് ഈശോയുടെ പാദം കഴുകലിന് തടസ്സം പറയുമ്പോൾ ഈശോ പറയുന്ന വാക്കുകൾ ചിന്തനീയങ്ങളാണ്: "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല" (വാക്യം 8). 'പങ്ക്' എന്നിവിടെ വിവർത്തനം ചെയ്തിരിക്കുന്ന വാക്ക് ഗ്രീക്കിൽ 'മേറോസ്' എന്നും ഹീബ്രുവിൽ 'ഹെല്ലെക്ക്' എന്നുമാണ്. ഇത് പഴയനിയമത്തിൽ ദൈവജനം സ്വന്തമാക്കാനിരുന്ന വാഗ്ദത്തഭൂമിയെക്കുറിക്കുന്ന വാക്കാണ്. അത് പുതിയ നിയമത്തിൽ എല്ലാവരും സ്വന്തമാക്കാൻ ക്ഷണിക്കപ്പെട്ടിരിക്കുന്ന 'രക്ഷ'യുടെ അഥവാ 'നിത്യജീവന്റെ' പ്രതീകമാണ്. അതുകൊണ്ട് ഈശോ ഇവിടെ പത്രോസിനെ അനുസ്മരിപ്പിക്കുന്നത് തന്റെ

സ്വയാർപ്പണത്തിലൂടെ പത്രോസിന് കരഗതമാകാനിരിക്കുന്ന നിത്യജീവനെക്കുറിച്ചാണ്. മരണത്തിലൂടെ സ്വയം ബലിയായി അർപ്പിക്കുവാൻ തന്നെ അനുവദിക്കുന്നില്ലെങ്കിൽ നിത്യജീവൻ ലഭിക്കുകയില്ല എന്ന് ഈശോ പത്രോസിനെ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് പാദം കഴുകൽ ഈശോയുടെ ജീവിതബലിയർപ്പണത്തെ സൂചിപ്പിക്കുന്നു. തന്റെ ശുശ്രൂഷാ ജീവിതമാണ് മനുഷ്യരക്ഷയ്ക്കായുള്ള തന്റെ ബലിയർപ്പണം: "മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ. 10:45).

നിത്യപുരോഹിതനായ ഈശോയുടെ ബലിയർപ്പണം തന്റെ ശരീരരക്തങ്ങളുടെ ബലിയർപ്പണമാണ്. അതേപ്പറ്റി ഹെബ്രായ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ഇതിനാൽ, അവൻ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു; ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു" (ഹെബ്രാ. 10:5). 'ശരീരം' എന്ന് ഇവിടെ പറയുന്നത് തന്റെ ഈലോകജീവിതമാണ്. ദൈവഹിതം പൂർത്തിയാക്കിക്കൊണ്ടുള്ള തന്റെ ജീവിതമാണ് തന്റെ ബലിവസ്തുവായി മാറിയത്.

"ആ ഹിതമനുസരിച്ച് ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (ഹെബ്രാ. 10:10). അങ്ങനെ മിശിഹായിൽ ബലിയർപ്പകനും ബലിവസ്തുവും ഒന്നായി മാറി. മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവരെന്ന നിലയിൽ നാം മിശിഹാ അർപ്പിച്ച ബലിയിലും പങ്കുചേരേണ്ടവരാണ്. ദൈവഹിതമനുസരിച്ച് അനുദിന ജീവിതം നയിച്ചുകൊണ്ട്, ബലിയർപ്പകനും ബലിവസ്തുവും ഒന്നായി മാറിയ മിശിഹായുടെ ബലിജീവിതത്തിൽ നാമും പങ്കുകാരാകണം.

### 4. *പുരോഹിതൻ : സഹനദാസൻ*

*"പത്രോസ് അവനോടു ചോദിച്ചു: 'കർത്താവേ, നീ എന്റെ കാലു കഴുകുകയോ?....' പത്രോസ് പറഞ്ഞു: 'നീ ഒരിക്കലും എന്റെ പാദം കഴുകരുത്'"* (വാ. 6-8).

തന്റെ പാദം കഴുകുന്നതിന് പത്രോസ് ഈശോയെ അനുവദിക്കാതെ വിസമ്മതം പ്രകടിപ്പിക്കുന്നത് ഈശോയുടെ പീഢാനുഭവത്തോടും മരണത്തോടുമുള്ള പത്രോസിന്റെ വിയോജിപ്പിനെയാണ് സൂചിപ്പിക്കുക. സമാന്തര സുവിശേഷങ്ങളിൽ ഈശോ തന്റെ ജറുസലേമിലേക്കുള്ള യാത്രയെക്കു

റിച്ചും പീഢാനുഭവത്തെക്കുറിച്ചും പ്രവചിച്ച സന്ദർഭത്തിൽ പത്രോസ് ശ്ലീഹാ പ്രകടിപ്പിച്ച പ്രതിഷേധത്തിന്റെ യോഹന്നാനിക രൂപമാണ് ഈ പാദം കഴുകൽ സന്ദർഭത്തിൽ കാണാനാവുക. തന്റെ പീഢാനുഭവത്തെപ്പറ്റി ഈശോ തുറന്നു പറഞ്ഞപ്പോൾ "പത്രോസ് അവനെ മാറ്റി നിർത്തിക്കൊണ്ട് തടസ്സം പറയാൻ തുടങ്ങി" (മർക്കോ 8:32). ആ സന്ദർഭത്തിൽ ഈശോ പത്രോസിനെ ശാസിക്കയും സ്വന്തം കുരിശെടുത്ത് തന്നെ അനുഗമിക്കുവാൻ ശിഷ്യരെയെല്ലാം ആഹ്വാനം ചെയ്യുകയും ചെയ്തു (മർക്കോ 8:33-34). അതുപോലെ ഇവിടെയും പാദം കഴുകാൻ തന്നെ അനുവദിക്കണമെന്നും, താൻ അവരുടെ പാദങ്ങൾ കഴുകിയതുപോലെ അവരും പരസ്പരം പാദങ്ങൾ കഴുകണമെന്നും ഈശോ ശിഷ്യരെ പഠിപ്പിക്കുകയാണ് (വാ. 14). സഹനത്തോടുള്ള മനുഷ്യസഹജമായ വിയോജിപ്പിനെ അതിജീവിച്ച് സഹനദാസനായി മാറുന്ന നിത്യപുരോഹിതനായ ഈശോയെയാണ് ഇവിടെ നാം ദർശിക്കുക. തന്നെ അനുഗമിച്ച ശിഷ്യന്മാരെ ഈശോ ആവർത്തിച്ച് പഠിപ്പിക്കുന്നതും തന്റെ സഹനദാസനടുത്ത വ്യക്തിത്വത്തെക്കുറിച്ചാണ് (മർക്കോ. 8:31-38; 9:30-32; 10:32-34).

മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതനും സഹനദാസന്മാരായി തീരുവാൻ വിളിക്കപ്പെട്ടവരാണ്. ഈശോയുടെ ഉറച്ച നിലപാടിനെ തുടർന്ന് പത്രോസ്, തന്റെ പാദങ്ങൾ മാത്രമല്ല കരങ്ങളും ശിരസ്സും കൂടി കഴുകണമേ എന്നു പറഞ്ഞപ്പോൾ ഈശോ പറഞ്ഞു: "കുളി കഴിഞ്ഞവന്റെ കാലുകൾ മാത്രമേ കഴുകേണ്ടതുള്ളൂ" (വാക്യം 10). 'കുളി കഴിഞ്ഞവർ' എന്ന് ഇവിടെ ഉദ്ദേശിക്കുന്നത് തന്റെ ശിഷ്യന്മാർ തന്നെയാണ്. ഈശോയിൽ വിശ്വസിക്കുകയും അവിടുത്തെ വചനത്തിലൂടെ വിശുദ്ധീകരിക്കപ്പെടുകയും ചെയ്ത ശിഷ്യന്മാർ (യോഹ. 15:3). യൂദാസ്ക്കറിയോത്താ മാത്രമേ വിശ്വസിക്കാതെ കൂടെ നടക്കുകയും തത്ഫലമായി വിശുദ്ധീകരിക്കപ്പെടാതെയുമിരുന്നത്. പക്ഷേ, തന്റെ ശിഷ്യന്മാർ വിശുദ്ധീകരിക്കപ്പെട്ടവരെങ്കിലും, ഒരുപടികൂടെ കടന്ന് തന്റെ സഹനദാസന്നടുത്ത ശുശ്രൂഷാ വ്യക്തിത്വം സ്വാംശീകരിക്കണമെന്ന്, ഈശോ ആവശ്യപ്പെടുകയാണ്. പുരോഹിത ശുശ്രൂഷ അവശ്യം സഹനം ഉൾക്കൊള്ളുന്നതാണ്. പുരോഹിതൻ മറ്റുള്ളവർക്കു വേണ്ടിയുള്ള മനുഷ്യനാണ്. ആടുകൾക്കുവേണ്ടി സ്വജീവൻപോലും സമർപ്പിച്ചുകൊണ്ട് നിർവ്വഹിക്കുന്ന അജപാലനശുശ്രൂഷ കുരിശിന്റെ വഴിയിലൂടെ മാത്രമേ നിർവ്വഹിക്കാൻ സാധിക്കൂ.

### 5. *പുരോഹിതൻ : ശുശ്രൂഷകൻ*

*"നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം"* (വാ. 14).

മിശിഹായുടെ പൗരോഹിത്യം 'ശുശ്രൂഷാ പൗരോഹിത്യം' എന്നാണ് സഭയിൽ അറിയപ്പെടുന്നത്. ഇത് നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിന്റെ അടിസ്ഥാനസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. ഈശോ തന്റെ ശിഷ്യരുടെയിടയിൽ ഒരു ശുശ്രൂഷകനും ദാസനുമായി മാറി. അക്കാലത്ത് അതിഥികൾ വീട്ടിൽ വരുമ്പോൾ അവരുടെ പാദങ്ങൾ കഴുകുവാൻ വെള്ളം ഒഴിച്ചുകൊടുക്കുന്നത് അരയിൽ തൂവാല കെട്ടിയ ദാസനായിരുന്നു. ഈശോ ഇവിടെ ഈ ദാസന്റെ വേഷമാണ് സ്വയം സ്വീകരിക്കുന്നത്: "ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി, അനന്തരം ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി" (വാക്യം 5). അവരുടെ പാദങ്ങൾ കഴുകിയശേഷം ശിഷ്യർക്കു കൊടുക്കുന്ന ഉപദേശത്തിൽ തന്റെ ശുശ്രൂഷ അവരുടെ ശുശ്രൂഷയ്ക്ക് മാതൃകയാകണമെന്നും, അതാണ് അവരുടെ ദൗത്യമെന്നും ഈശോ അവരെ ഉദ്ബോധിപ്പിക്കുന്നു: "എന്തെന്നാൽ ഞാൻ നിങ്ങൾക്കു ചെയ്തതതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല. അയയ്ക്കപ്പെട്ടവൻ അയച്ചവനെക്കാളും വലിയവനല്ല" (വാ. 15-16).

അജപാലനശുശ്രൂഷ അജപാലനാധികാരം ഉൾക്കൊള്ളുന്നതാണ്. എന്നാൽ സഭയിലെ അധികാരം പുറത്തുള്ളവർ അധികാരം പ്രയോഗിക്കുന്നതുപോലെയാകരുതെന്നും അത് അവശ്യം മിശിഹായുടെ ശുശ്രൂഷാ സ്വഭാവമുള്ളതാകണമെന്നും ഈശോ ശിഷ്യരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്: "വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം; നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം" (മർക്കോ. 10:42-44). 'ശുശ്രൂഷകൻ' എന്നതിന് മേശയിൽ സ്നേഹശുശ്രൂഷ ചെയ്യുന്നവന് ഉപയോഗിക്കുന്ന 'ദിയാക്കൊനോസ്' എന്ന വാക്കും, 'ദാസൻ' എന്നതിന് യജമാനന്റെ ഹിതത്തിന് സ്വന്തം ഹിതം പൂർണ്ണമായും വിധേയപ്പെടുത്തുന്ന അടിമയ്ക്ക് ഉപയോഗിക്കുന്ന 'ദൂളോസ്' എന്ന വാക്കുമാണ് ഇവിടെ സുവിശേഷകൻ നല്കുന്നത്. അതുകൊണ്ട് പുരോഹിതശുശ്രൂഷ സ്നേഹത്തിന്റെയും സമ്പൂർണ്ണസമർപ്പണത്തിന്റെയും ആയിരിക്കണമെന്ന് ഈശോ ഉദ്ബോധിപ്പിക്കുന്നു. അതിനു മാതൃകയായി ഈശോ തന്റെ ജീവിതവും ശുശ്രൂഷയും എടുത്തുകാണിക്കുകയും ചെയ്യുന്നു: "മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല. ശുശ്രൂ

ഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രെ" (മർക്കോ. 10:45). പുരോഹിതൻ ദൈവത്തിന്റെയും ദൈവജനത്തിന്റെയും യഥാർത്ഥ ശുശ്രൂഷകനാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.

**ജീവിതസൂചിക**

1. വി. കുർബാനയിൽ കേന്ദ്രീകൃതമായി ഈശോയോടൊപ്പം പെസഹാനുഭവത്തിൽ വളരുകയും, വളരാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുന്ന ഒരു ജീവിതവും ശുശ്രൂഷയുമാണോ എന്റേത്?

2. ഈശോയിൽ വെളിപ്പെടുത്തപ്പെട്ട ദൈവസഹജമായ സ്നേഹം പൂർണ്ണതയിൽ ജീവിക്കുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?

3. ബലിയർപ്പകനും ബലിവസ്തുവുമായ മിശിഹായുടെ പൗരോഹിത്യ ജീവിതത്തിലേക്ക് ഞാൻ എത്രമാത്രം വളർന്നിട്ടുണ്ട്?

4. മിശിഹായുടെ ശിഷ്യർക്കടുത്ത സഹനജീവിതം നയിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

5. എന്റെ അജപാലനശുശ്രൂഷയിൽ മിശിഹായുടെ ശുശ്രൂഷാമനോഭാവം എത്രമാത്രം പ്രതിഫലിക്കുന്നുണ്ട്?

## അഭിനന്ദനങ്ങൾ

രൂപതാ ബൈബിൾ കൺവെൻഷനിൽ ഏറ്റവും അകലെയുള്ള ഇടവകയിൽനിന്ന് ഏറ്റവും കൂടുതൽ വിശ്വാസികളെ പങ്കെടുപ്പിച്ച തുടങ്ങനാട് ഫൊറോനാപള്ളി വികാരി പെരിയ ബഹു. തോമസ് ഓലിക്കലച്ചനും രൂപതാ ബൈബിൾ കൺവൻഷനെ ഇന്റർനെറ്റ് വഴി ലോകമാസകലമുള്ള വിശ്വാസികളുടെ കൺമുമ്പിലെത്തിച്ച ബഹു. ജയിംസ് വെണ്ണായിപ്പിള്ളിൽ അച്ചനും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ബഹു. രണ്ട് അച്ചന്മാർക്കും അവർ ചെയ്ത വിലയേറിയ സംഭാവനകളെ മാനിച്ച് ബൈബിൾ കൺവൻഷൻ മധ്യേ അഭിവന്ദ്യപിതാവ് ഷീൽഡ് നൽകി ആദരിച്ചു.



## 27-ാമത് ബൈബിൾ കൺവൻഷന് (ഡിസംബർ 19-23)
## പള്ളികളിൽ നിന്ന് കിട്ടിയ സംഭാവനകൾ

**1. കത്തീഡ്രൽ**

1. അന്തീനാട് - 500
2. അരുണാപുരം - 1500
3. ചിറ്റാർ - 500
4. ഇളംതോട്ടം - 500
5. കരൂർ - 1500
6. കവീക്കുന്ന് - 500
7. കിഴതടിയൂർ - 5000
8. കുടക്കച്ചിറ - 500
9. കുരുവിനാൽ - 300
10. ളാലം - പുതിയത് - 1000
11. ളാലം - പഴയത് - 3000
12. മീനച്ചിൽ - 2000
13. മേവട - 500
14. മൂന്നാനി - 500
15. മുണ്ടാങ്കൽ - 500
16. മുത്തോലി - 500
17. നെല്ലിയാനി - 300
18. പൈങ്ങുളം - 500
19. പാലാ - 750
20. പാലാക്കാട് - 500
21. പൂവരണി - 750
22. തോടനാൽ - 501

**2. അരുവിത്തുറ**

1. അരുവിത്തുറ - 2000
2. ചെമ്മലമറ്റം - 500
3. ചേന്നാട് - 500
4. ചേറ്റുതോട് - 500
5. കളത്തൂക്കടവ് - 500
6. മൂന്നിലവ് - 250
7. മണിയംകുളം - 500
8. തിടനാട് - 500
9. വാകക്കാട് - 400
10. വാരിയാനിക്കാട് - 500

**3. ഭരണങ്ങാനം**

1. അമ്പാറനിരപ്പേൽ - 500
2. ഭരണങ്ങാനം - 2000
3. ഇടമറ്റം - 500
4. ഇടപ്പാടി - 200
5. കയ്യൂർ - 250
6. കിഴപറയാർ - 200
7. മല്ലികശേരി - 250
8. പൈക - 500
9. പ്ലാശനാൽ - 1000
10. പൂവത്തോട് - 500
11. വേഴങ്ങാനം - 500
12. വിളക്കുമാടം - 1000
13. ഉള്ളനാട് - 750

**4. ചേർപ്പുങ്കൽ**

1. ചെമ്പിളാവ് - 200
2. ചേർപ്പുങ്കൽ - 5000
3. കടപ്ലാമറ്റം - 1500
4. കാഞ്ഞിരമറ്റം - 250
5. കരിമ്പാനി - 1000
6. കൊഴുവനാൽ - 1500
7. മംഗളാരാം - 1000
8. മഞ്ഞാമറ്റം - 500
9. മറ്റക്കര - 500
10. പാദുവ - 1000
11. പാളയം - 500

**5. ഇലഞ്ഞി**

1. ഇലഞ്ഞി - 1000
2. കൂത്താട്ടുകുളം - 200
3. മരങ്ങോലി - 1000
4. പെരിയപ്പുറം - 500
5. പിറവം - 500
6. ശാന്തിപുരം - 250
7. സേവ്യർപുരം - 500

**6. കോതനല്ലൂർ**

1. കളത്തൂർ - 500
2. കോതനല്ലൂർ - 1000
3. മണ്ണാറപ്പാറ - 500
4. മാൻവെട്ടം - 500
5. നമ്പ്യാകുളം - 250
6. പെരുംതുരുത്ത് - 200
7. സ്ലീവാപുരം - 500

**7. കുറവിലങ്ങാട്**

1. ജയ്ഗിരി - 300
2. കാളികാവ് - 1000
3. കാഞ്ഞിരത്താനം - 3000







4. കാട്ടാമ്പാക്ക് - 300
5. കൂടല്ലൂർ - 500
6. കുറവിലങ്ങാട് - 5000
7. കുറിച്ചിത്താനം - 200
8. മണ്ണയ്ക്കനാട് - 1000
9. മരങ്ങാട്ടുപള്ളി - 500
10. മോനിപ്പള്ളി - 800
11. പാലക്കാട്ടുമല - 500
12. രത്നഗിരി - 1000
13. ഉദയഗിരി - 500
14. വാക്കാട് - 500
15. വയലാ - 500

**8. മൂലമറ്റം**

1. അറക്കുളം - പുതിയത് - 500
2. അറക്കുളം - പഴയത് - 500
3. എടാട് - 200
4. കുളമാവ് - 500
5. ലൂർദ്ദ്മൗണ്ട് - 200
6. മൂലമറ്റം - 1000
7. വെള്ളിയാമറ്റം - 1000

**9. മുട്ടുചിറ**

1. അൽഫോൻസാപുരം - 250
2. അറുനൂറ്റിമംഗലം - 250
3. ഫാത്തിമാപുരം - 500
4. കടുത്തുരുത്തി - 1000
5. കീഴൂർ - 250
6. മലപ്പുറം - 250
7. മാന്നാർ - 500
8. മുട്ടുചിറ - 1000
9. തുരുത്തിപ്പള്ളി - 500

**10. പൂഞ്ഞാർ**

1. ചോലത്തടം - 500
2. കൂട്ടിക്കൽ - 5000
3. കുന്നോന്നി - 500
4. മണിയംകുന്ന് - 300
5. പറത്താനം - 300
6. പയ്യാനിത്തോട്ടം - 250
7. പെരിങ്ങുളം - 500
8. വേലനിലം - 500
9. ഏന്തയാർ - 350
10. പൂഞ്ഞാർ - 2500

**11. രാമപുരം**

1. അന്ത്യാളം - 500
2. ചക്കാമ്പുഴ - 500
3. ഏഴാച്ചേരി - 1000
4. കാവുംകണ്ടം - 500
5. കടനാട് - 500
6. കൊണ്ടാട് - 500
7. മാനത്തൂർ - 1000
8. നീറന്താനം - 500
9. പൂവക്കുളം - 500
10. രാമപുരം - 2000

**12. തീക്കോയി**

1. അയ്യമ്പാറ - 500
2. അടുക്കം - 500
3. മംഗളഗിരി - 500
4. മാവടി - 500
5. ശാന്തിഗിരി - 500
6. തീക്കോയി - 2000
7. വാഗമൺ - 1000

**13. തുടങ്ങനാട്**

1. ഗാഗുൽത്താ - 500
2. ജിയോവാലി - 400
3. ജോസ്മൗണ്ട് - 200
4. കാക്കൊമ്പ് - 300
5. കുറുമണ്ണ് - 500
6. മേരിലാന്റ് - 500
7. മേലുകാവുമറ്റം - 500
8. നീലൂർ - 2500
9. സിബിഗിരി - 1000
10. തുടങ്ങനാട് - 2500





# ഫാദർ ലൂക്ക് തുരുത്തിപ്പള്ളി അവാർഡ്

പാലാ രൂപതയിലെ ഇടവക ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന ദൈവാലയ ശുശ്രൂഷകർക്കായി ഏർപ്പെടുത്തിയിരിക്കുന്ന റവ. ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡിന് 2009 വർഷത്തിൽ ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനാ ഇടവകയിലെ ദൈവാലയശുശ്രൂഷിയായി സേവനമനുഷ്ഠിക്കുന്ന കൊഷ്ണതൊടുകയിൽ ശ്രീ. കെ. എസ്. മാത്യു അർഹനായി. പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. വിശുദ്ധ സ്ഥലത്തെ ശുശ്രൂഷകൾ പ്രശംസനീയമാംവിധം നിർവ്വഹിക്കുന്ന ശുശ്രൂഷകർക്കാണ് ഈ അവാർഡ് നൽകപ്പെടുന്നത്.

രൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹു. ജോർജ് ചൂരക്കാട്ട് അച്ചൻ ചെയർമാനും പെരിയ ബഹു. ഈനാസ് ഒറ്റത്തെങ്ങുങ്കൽ അച്ചൻ, പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റിയാണ് അവാർഡ് നിർണ്ണയ കമ്മറ്റി. ഇടവകവികാരിമാരിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച് ആവശ്യമായ അന്വേഷണവും പഠനവും നടത്തിയ ശേഷം അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അഭിവന്ദ്യപിതാവ് 2009-ലെ അവാർഡ് ജേതാവായി ശ്രീ. കെ.എസ്. മാത്യു കൊഷ്ണതൊടുകയിലിനെ അംഗീകരിച്ചത്.

നല്ലൊരു ആത്മീയ ഗുരുവും അജപാലകനും അറിയപ്പെടുന്ന വചനപ്രഘോഷകനുമായിരുന്ന തുരുത്തിപ്പള്ളി ബഹു. ജോൺ ലൂക്ക് അച്ചനാണ് ഉത്തമരായ ദൈവാലയശുശ്രൂഷികളെ പ്രോത്സാഹിപ്പിക്കാനായി ഈ അവാർഡ് ഏർപ്പെടുത്തിയത്. 1990 സെപ്റ്റംബർ 14-ന് റോമിൽ വച്ച് നിര്യാതനായ ബഹു. ജോൺ ലൂക്ക് അച്ചന്റെ സ്മരണ നിലനിർത്താനായി നൽകപ്പെടുന്ന ഈ അവാർഡിന് അർഹനാകുന്ന 11-ാമത്തെ വ്യക്തിയാണ് ശ്രീ. കെ.എസ്. മാത്യു. 2010 ജനുവരി 26-ന് അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് അവാർഡ് സമ്മാനിച്ചു.

# ദൈവശാസ്ത്രസെമിനാർ

## സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി മംഗലപ്പുഴ
## 2010 ഏപ്രിൽ 12 മുതൽ 15 വരെ

വൈദികവർഷത്തോടനുബന്ധിച്ച് വൈദികരുടെ തുടർപരിശീലനവും ഫലപ്രദമായ അജപാലനശുശ്രൂഷയും ലക്ഷ്യംവച്ചുകൊണ്ട് മംഗലപ്പുഴ സെമിനാരി സംഘടിപ്പിക്കുന്ന ദൈവശാസ്ത്രസെമിനാറിൽ പങ്കെടുക്കുവാൻ എല്ലാ വൈദികരെയും സന്തോഷപൂർവ്വം ക്ഷണിക്കുന്നു. സെമിനാർ 2010 ഏപ്രിൽ 12-ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 15-ാം തീയതി 1 മണിക്ക് അവസാനിക്കും. സെമിനാറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വൈദികർ മാർച്ച് 15-ാം തീയതിക്കുമുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സെമിനാർ ഫീസ് 200 രൂപ. സെമിനാറിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**ഉദ്ഘാടനം :** മാർ ജേക്കബ് മനത്തോടത്ത് (സെമിനാരി കമ്മീഷൻ ചെയർമാൻ)

**മുഖ്യവിഷയങ്ങൾ:-**

1. നവസഭാസമൂഹങ്ങളും ബൈബിൾ വ്യാഖ്യാനങ്ങളും - ഡോ. ജോസഫ് പാംബ്ലാനി
2. വിശുദ്ധഗ്രന്ഥത്തിലെ ദുർഗ്രഹവചനങ്ങളും അവയുടെ വ്യാഖ്യാനങ്ങളും - ഡോ. മാത്യു വാര്യാമറ്റം (സി.എസ്.ടി.)
3. ഞായറാഴ്ച പ്രസംഗങ്ങളിൽ വിശുദ്ധഗ്രന്ഥത്തിന്റെ ഉപയോഗം - ഡോ. ജോഷി മയ്യാറ്റിൽ
4. അജപാലനരംഗത്തെ വെല്ലുവിളികൾ - മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
5. അജപാലനശുശ്രൂഷയും മാധ്യമങ്ങളും - ഡോ. ജോസഫ് പാലക്കീൽ (എം.എസ്.ടി.)
6. ക്രിസ്തുവിജ്ഞാനീയം ഭാരതീയ പശ്ചാത്തലത്തിൽ - ഡോ. ജേക്കബ് പറപ്പിള്ളി (എം.എസ്.എഫ്.എസ്.)
7. മരണാനന്തരജീവിതവുമായി ബന്ധപ്പെട്ട തർക്കവിഷയങ്ങൾ - ഡോ. മൈക്കിൾ കാരിമറ്റം
8. മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ വൈദികന്റെ തനിമ - ഡോ. സെബി ചാലയ്ക്കൽ
9. Pastoral Management - ജോസ് പോൾ ചിറമേൽ
10. നിഗൂഢവിദ്യകളും ക്രൈസ്തവവിശ്വാസവും - ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
11. Bioethics ലെ നൂതനതർക്കവിഷയങ്ങൾ - ഡോ. ഹോർമീസ് മൈനാട്ടി

**സമാപനസന്ദേശം :** ഡോ. വർഗ്ഗീസ് പാറപ്പുറം (വിൻസെൻഷ്യൻ സുപ്പീരിയർ ജനറൽ)

**For registration, contact:-**

Rector, St. Joseph's Pontifical Seminary, Mangalapuzha, Aluva-683102, Tel-0484-2606745
Rev. Dr. Mathew Illathuparampil-9447277299/E-mail: illathuparampil@hotmail.com
Rev. Dr. Paul Mundolickal - 9447092067/E-mail : pmundoli@gmail.com

# വാർത്തകൾ

## വിശ്വാസപരിശീലനരംഗം

### 1. പരീക്ഷ

ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച 10, 11, 12 ക്ലാസ്സുകളിലെ 2-ാം ടേം പരീക്ഷ ഉച്ചകഴിഞ്ഞ് 1.45 മുതൽ വൈകുന്നേരം 4.00 വരെ നടക്കും. ചോദ്യക്കടലാസ് 6-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4 വരെ വിതരണം ചെയ്യുന്നതാണ്. ഉത്തര ക്കടലാസുകൾ, ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ, പ്രോഗ്രസ് കാർഡ്, 10-ന്റെ വിചിന്തനം സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഫെബ്രുവരി 9-ാം തീയതി ചൊവ്വാഴ്ച ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. പരീക്ഷയ്ക്കുശേഷവും ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. കുട്ടികൾ ആദ്യന്തം ക്ലാസ്സുകളിൽ പങ്കെടുക്കണം. പ്രമോ ഷന് ഇത് ബാധകമാണ്.

### 2. പ്രവർത്തനപരിശീലന ക്ലാസ്സുകൾ

ഈ അദ്ധ്യയനവർഷത്തെ പ്രവർത്തനപരിശീലനക്ലാസ്സുകൾ ഫെബ്രുവരി 14-നു ഞായറാഴ്ച ആരംഭിക്കുകയാണല്ലോ. ക്ലാസ്സുകളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ബുള്ളറ്റിൻ നവംബർ 6-ൽ ചേർത്തിട്ടുണ്ട്. ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച കുട്ടികളെ കാണിക്കുന്നതിനുള്ള സി.ഡി. (Man of Holiness) ഓഫീസിൽ ലഭ്യമാണ്. വില-65 രൂപാ.

മാർച്ച് 14-ാം തീയതി ഞായറാഴ്ച മിഷൻ പഠനവും ദൈവവിളി ക്ലാസ്സും മുൻകൂട്ടി ക്രമീകരിക്കേണ്ടതാണ്. ഈ ക്ലാസ്സ് പ്രവർത്തനപരിശീലനഞായറാഴ്ചകളിൽ ഏതു ഞായറാഴ്ചയും ക്രമീകരിക്കാം. എം.എസ്.ടി. സഭയുമായി ബന്ധപ്പെടുക. ക്ലാസ്സുകൾ അവർ ക്രമീകരിച്ചു നൽകും. പ്രവർത്തനപരിശീലനക്ലാസ്സുകളിൽ ശ്രദ്ധാപൂർവ്വം നോട്ടെ ഴുതി പഠിക്കേണ്ടതാണ്. പരീക്ഷയ്ക്ക് അതുംകൂടി ഉൾപ്പെടുത്തും. ഇതിന്റെ കൂടെ അടി സ്ഥാനത്തിലായിരിക്കും പ്രമോഷൻ നൽകുന്നത്. പ്രവർത്തനപരിശീലനത്തെക്കുറിച്ച് ക്ലാസ്സെടുക്കുന്നതിന് 2009 ലെ മതദർശനം പ്രയോജനപ്പെടുത്താം.

### 3. ബെസ്റ്റ് സൺഡേ സ്കൂൾ

**2009-10 വർഷത്തിലെ ബെസ്റ്റ് സൺഡേ സ്കൂളുകൾ**

| | |
|---|---|
| A വിഭാഗം - I വാരിയാനിക്കാട്, | II മംഗളഗിരി |
| B വിഭാഗം - I വെള്ളികുളം | II കാളികാവ് |
| C വിഭാഗം- I കത്തീഡ്രൽ | II പ്ലാശനാൽ |

### 4. മാതൃകാഅദ്ധ്യാപകനുള്ള അവാർഡ്

റവ. ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ അവാർഡ് ബേബി എം. ആലു

ങ്കൽ സാറിന് ലഭിച്ചു. 22 വർഷക്കാലം വിശ്വാസപരിശീലനരംഗത്ത് സേവനമനുഷ്ഠിച്ചു. ഇപ്പോൾ കൂത്താട്ടുകുളം സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററായി സേവനം ചെയ്യുന്ന ബേബിസാറിന് ഈ വർഷത്തെ മികച്ച വിശ്വാസപരിശീലകനുള്ള അവാർഡ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് സമ്മാനിച്ചു. 10001 രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്.

### 5. രൂപതാവാർഷികം

വിശ്വാസപരിശീലനത്തിന്റെ രൂപതാവാർഷികം ജനുവരി 26-ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ആഘോഷിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്പിതാവ് സന്ദേശം നൽകുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ഈ വർഷം 29, 40, 50 വർഷം അധ്യാപനം പൂർത്തിയാക്കിയ വിശ്വാസപരിശീലകർക്കുള്ള അവാർഡും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്തു.

### 6. സി.റ്റി.പി.

സി.റ്റി.പി. പുതിയ ബാച്ചിൽ 150 പേർ പങ്കെടുക്കുന്നു. ഫെബ്രുവരി 12, 13, 27, മാർച്ച് 13 തീയതികളിൽ - റവ. ഡോ. ജോർജ് ഞാറക്കുന്നേൽ ലിറ്റർജി ക്ലാസ് എടുക്കും.

ഏപ്രിൽ 14, 15 മെയ് 1 തീയതികളിൽ - റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ ബൈബിൾ ക്ലാസ്സെടുക്കും

### 7. തിരുബാലസഖ്യം

ഡിസംബർ 26-ാം തീയതി തിരുബാലസഖ്യം അംഗങ്ങൾക്കായി പെയിന്റിംഗ്, പെൻസിൽ ഡ്രോയിംഗ് എന്നിവയുടെ മത്സരങ്ങൾ നടത്തപ്പെട്ടു. താഴെപ്പറയുന്നവർക്ക് സമ്മാനങ്ങൾ ലഭിച്ചു.

**പെയിന്റിംഗ്:** I ദീപു സിറിയക് വേലംകുന്നേൽ, ഇടമറുക്
II ടെസ്സാ നടുക്കര, കടപ്ലാമറ്റം
III ജിക്കു ബിജു മേലൂക്കുന്നേൽ, മണ്ണക്കനാട്

**പെൻസിൽ ഡ്രോയിംഗ് :**
I ശ്രുതി കുര്യൻ കുന്നേൽ, പൂവക്കുളം
II അബി ഷാജി പുന്നയ്ക്കൽ, കരൂർ
III ക്ലാര തോമസ് വടക്കൻവീട്ടിൽ, സിബിഗിരി

### 8. മിഷൻലീഗ് മേഖലാ ഭാരവാഹികൾ

മിഷൻലീഗ് മേഖലാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഈ മാസം നടത്തപ്പെടുന്നു. പ്രവർത്തനസജ്ജരായവർ നേതൃനിരയിലേക്കു കടന്നുവരുവാൻ ശ്രദ്ധിക്കുമല്ലോ.

### 9. ഉപന്യാസമത്സരം

വൈദികവർഷം പ്രമാണിച്ച് ഹൈസ്കൂൾ, പ്ലസ്ടൂ വിദ്യാർത്ഥികൾക്കായി പാലക്കാട്ടുമല മിഷൻലീഗു ശാഖ ഫെബ്രുവരി 28-ാം തീയതി ഞായറാഴ്ച ഉപന്യാസമ

ത്സരം അവിടെ വച്ച് നടത്തുന്നതാണ്. 1501, 1251, 1001, 751, 501 രൂപയുടെ ക്യാഷ് അവാർഡുകളും സമ്മാനങ്ങളുമാണ് ലഭിക്കുക.

രചനാസമയം: 1.30 pm - 3.30 pm

താഴെപ്പറയുന്ന വിഷയങ്ങളിൽ ഒന്ന് നൽകപ്പെടും.

1. ക്രിസ്തുവിന്റെ പൗരോഹിത്യവും സഭയിലെ പൗരോഹിത്യശുശ്രൂഷയും
2. പൗരോഹിത്യം: സഭയ്ക്കും സമൂഹത്തിനും
3. പൗരോഹിത്യം : നേരിടുന്ന വെല്ലുവിളികൾ

വിശദവിവരങ്ങൾക്ക് വിളിക്കുക: 9961159926, 04822 251016

# ലീജിയൻ ഓഫ് മേരി

## 1. സമ്മേളനവും, വാർഷികസമ്മേളനവും

ലീജിയൻ ഓഫ് മേരി കേരളാസെനാത്തൂസിന്റെ 636-ാം സമ്മേളനവും പാലാ കമ്മീസിയത്തിന്റെ 712-ാം സമ്മേളനവും സംയുക്തമായി 2010 ജനുവരി 24-ാം തീയതി ഞായറാഴ്ച 1.30 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കേരളാ സെനാത്തൂസ് പ്രസിഡന്റ് ബ്ര. സി.എം. ജോസഫ് ചെമ്പകത്തിനാൽ അദ്ധ്യക്ഷത വഹിച്ചു. സെനാത്തൂസ് ആദ്ധ്യാത്മികനിയന്താവ് ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ പ്രസംഗിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നാൽപതിൽപരം പ്രതിനിധികൾ പങ്കെടുത്തു.

## 2. അരുവിത്തുറ കൂരിയ

ലീജിയൻ ഓഫ് മേരി അരുവിത്തുറ കൂരിയായുടെ ഒരു വിശേഷാൽ സമ്മേളനം 2010 ജനുവരി 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ അരുവിത്തുറ സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനാപ്പള്ളി വികാരി വെരി. റവ. ഫാ. ജോസഫ് പാമ്പാറ സമ്മേളനം ഉദ്ഘാടനം ചെയ്തു. മരിയ സൈനികർ കുടുംബങ്ങൾ സന്ദർശിച്ച് അവയുടെ വിശുദ്ധി ഉറപ്പാക്കണമെന്നും സ്വന്തം കുടുംബങ്ങൾ മാതൃകകളാക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. സെനാത്തൂസ് ആധ്യാത്മികനിയന്താവ് റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ, പ്രസിഡന്റ് ബ്ര. സി. എം. ജോസഫ്, സിസ്റ്റർ നിർമ്മല, സിസ്റ്റർ മോളി തുടങ്ങിയവർ സെമിനാറിന് നേതൃത്വം നൽകി. ഫൊറോനയിലെ എല്ലാ ഇടവകകളിൽനിന്നുമായി നൂറിലധികം പ്രതിനിധികൾ ആദ്യന്തം പങ്കെടുത്തു.

## ३. പ്രതിമാസയോഗം

ലീജിയൻ ഓഫ് മേരി കേരള സെനാത്തൂസിന്റെ പ്രതിമാസയോഗം 2010 ജനുവരി 31-ാം തീയതി 1 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. പാലായിലെ എല്ലാ പ്രസീദിയങ്ങളുടെയും ഉദ്യോഗവാഹികൾ നാലുപേരും യോഗത്തിൽ സംബന്ധിച്ചു. തുടർന്ന് മൂന്നുമണിക്ക് നടന്ന വാർഷികയൂണിയൻ യോഗത്തിലും എല്ലാ സാധാരണാംഗങ്ങളും സഹായകാംഗങ്ങളും പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

# സുവിശേഷവത്കരണം

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന**

ജനുവരി 1, 8, 15, 22, 29 തീയതികളിൽ രാവിലെ 9 മണി മുതൽ 3 മണി വരെ കത്തീഡ്രലിൽ വച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ബ്ര. ജോയി ചാലിശേരി (മുരിങ്ങൂർ), ബ്ര. ബേബി (പോട്ട), ബ്ര. ഔസേപ്പ് (മുരിങ്ങൂർ), ബ്ര. ജോർജ് (മുരിങ്ങൂർ), സി. സിൽവിയാ സി.എം.സി. (മുരിങ്ങൂർ), ഫാ. കുര്യൻ മറ്റം, റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ, ജയിംസ് കുറുവാച്ചിറ തുടങ്ങിയവർ നേതൃത്വം നൽകി.

**2. കുടുംബകൂട്ടായ്മ റിസോഴ്സ് ടീം**

ഈ മാസം 12-ാം തീയതി രൂപതയിൽ പ്രവർത്തിക്കുന്ന കുടുംബകൂട്ടായ്മ റിസോഴ്സ് ടീം ഷലോമിൽ കൂടി, മെയ് മാസം നടത്തുവാൻ പോകുന്ന കുടുംബകൂട്ടായ്മാസംഗമത്തെപ്പറ്റി ചർച്ച ചെയ്യുകയും പ്ലാൻ ചെയ്യുകയും ചെയ്തു. ഫാ. കുര്യൻ മറ്റം, ഇ.എം. ദേവസ്യാ ഈരൂരിക്കൽ, സി. ജോസ് മേരി എഫ്.സി.സി., തോമ്മാച്ചൻ വടക്കേൽ, ജോസഫ് മറ്റക്കരോട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

**3. ഇവാൻജലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, ഗുഡ്സമരിറ്റൻ, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി, മദ്ധ്യസ്ഥപ്രാർത്ഥന തുടങ്ങിയവയിൽ പ്രവർത്തിക്കുന്നവർ ഈ മാസം 16-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1 വരെ ഷലോമിൽ കൂടി കഴിഞ്ഞ മാസം പ്രവർത്തിച്ച കാര്യങ്ങൾ അവതരിപ്പിക്കുകയും റിപ്പോർട്ട് തരുകയും ചെയ്തു. കഴിഞ്ഞ മാസം നടന്ന ബൈബിൾ കൺവൻഷനിൽ മിനിസ്ട്രിയിലുള്ളവർ ആത്മാർത്ഥമായി പ്രവർത്തിച്ചതിന് ബഹു. ഡയറക്ടറച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. ജോസഫ് ഏറത്തുമലയിൽ തന്റെ ജീവിതസാക്ഷ്യം പങ്കുവച്ചു. ഫാ. കുര്യൻ മറ്റം, ടി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

**4. ആദിലാബാദ് മിഷൻകേന്ദ്രം സന്ദർശനം**

രൂപതാ ഇവാഞ്ചലൈസേഷന്റെ ഭാഗമായി ഈ മാസം 28-ാം തീയതി മുതൽ 4-ാം തീയതിവരെ ഫാ. കുര്യൻ മറ്റത്തിന്റെ നേതൃത്വത്തിൽ 15 പേരടങ്ങുന്ന ടീം രൂപതയുടെ മിഷൻകേന്ദ്രം സന്ദർശിച്ചു. മിഷൻ കേന്ദ്രത്തോടനുബന്ധിച്ച് കൂടുതൽ അറിയുവാനും പഠിക്കുവാനും, നേരിട്ട് കണ്ട് മനസ്സിലാക്കുവാനും ഈ യാത്ര ഉപകരിച്ചു.

# കരിസ്മാറ്റിക് പ്രോഗ്രാമുകൾ

**1. കരിസ്മാറ്റിക് കൂട്ടായ്മ**

കരിസ്മാറ്റിക് ശുശ്രൂഷകരുടെ കൂട്ടായ്മ ജനുവരി 2-ന് ഷലോമിൽ ചേർന്നു. ബ്ര. ജോസഫ് കുന്നപ്പള്ളി വചനശുശ്രൂഷ നടത്തി.

## 2. ധ്യാനഒരുക്കശുശ്രൂഷ - കവീക്കുന്ന്

കവീക്കുന്ന് ഇടവകയിലെ വചനദീപ്തി ധ്യാനത്തിന്റെ ഒരുക്കശുശ്രൂഷകൾ ജനുവരി 3, 5, 6 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം 3-ാം തീയതി കുർബാനയർപ്പിച്ച് ധ്യാനത്തിന്റെ സന്ദേശങ്ങൾ നൽകി. 5-ാം തീയതി ഇടവകയിൽ ദിവ്യകാരുണ്യാരാധനയും, 6-ാം തീയതി ഭവനസന്ദർശനവും നടന്നു.

## 3. തുടർച്ചാധ്യാനം - കടപ്ലാമറ്റം

വചനദീപ്തി ധ്യാനത്തിന്റെ തുടർപ്രോഗ്രാമുകൾ കടപ്ലാമറ്റം ഇടവകയിൽ ഡിസംബർ 5-നും ജനുവരി 2-നും നടന്നു. സാബു കോഴിക്കോട്, മാത്യു കല്ലേപ്ലാക്കൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

## 4. അനുബന്ധ ധ്യാനം - കാവുംകണ്ടം

വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചയായി മാസം തോറും നടക്കുന്ന പ്രോഗ്രാമുകൾ കാവുംകണ്ടം ഇടവകയിൽ ഡിസംബർ 12-നും ജനുവരി 9-നും നടന്നു. സെബാസ്റ്റ്യൻ താന്നിക്കൽ, ഫാ. ജോസഫ് കുമ്മിണി എന്നിവർ വചനശുശ്രൂഷകൾ നടത്തി.

## 5. വചനദീപ്തി ധ്യാനം - കവീക്കുന്ന്

കവീക്കുന്ന് ഇടവകയിലെ വചനദീപ്തി ധ്യാനം ജനുവരി 10, 11, 12, 13, 14 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. ജോസ് അഞ്ചാനിക്കൽ, ഫാ. തോമസ് വാഴചാരിക്കൽ, ബ്ര. ഔതച്ചൻ, സാബു കോഴിക്കോട്ട്, ബാബു തട്ടാംപറമ്പിൽ, സണ്ണി പള്ളിവാതുക്കൽ, രവി തോമസ് എന്നിവർ ശുശ്രൂഷകൾ നയിച്ചു. വികാരി ഫാ. അബ്രാഹം തുരുത്തിയിൽ ദിവ്യകാരുണ്യപ്രദക്ഷിണം നടത്തി.

## 6. വചനശുശ്രൂഷ - വേഴങ്ങാനം

വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചയെന്നോണം നടത്തുന്ന ഏകദിന വചനശുശ്രൂഷ വേഴങ്ങാനം ഇടവകയിൽ ഡിസംബർ 11-നും ജനുവരി 8-നും നടന്നു. സാബു കോഴിക്കോട്ട്, ഫാ. ജോസഫ് മൈലപ്പറമ്പിൽ എന്നിവർ നയിച്ചു.

## 7. തുടർപ്രോഗ്രാം - മാനത്തൂർ

വചനദീപ്തി ധ്യാനത്തിന്റെ അനുബന്ധമായി മാനത്തൂർ ഇടവകയിൽ വചനശുശ്രൂഷയും ദിവ്യകാരുണാരാധനയും ജനുവരി 24-ന് നടന്നു. കുര്യൻ മാളിയേക്കൽ ശുശ്രൂഷകൾ നയിച്ചു.

## 8. വചനദീപ്തി ധ്യാനം - വാഗമൺ

വാഗമൺ ഇടവകയിൽ വചനദീപ്തി ധ്യാനം ജനുവരി 24, 25, 26, 27, 28 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. തോമസ് മണ്ണൂർ, ഫാ. ജോർജ് വെട്ടുകല്ലേൽ,

സാബു കോഴിക്കോട്ട്, സുനിൽ കോതമംഗലം, സണ്ണി വാഴയിൽ, രവി തോമസ്, സാബു തട്ടാംപറമ്പിൽ (സോണൽ സെക്രട്ടറി) എന്നിവർ ശുശ്രൂഷകൾ നയിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ ചെഞ്ചേരിൽ സമാപന ദിവ്യകാരുണ്യപ്രദക്ഷിണത്തിനു നേതൃത്വം കൊടുത്തു.

### 9 . തുടർശുശ്രൂഷ - മംഗളഗിരി

വചനദീപ്തി ധ്യാനത്തിന് അനുബന്ധമായി മംഗളഗിരി ഇടവകയിൽ ജനുവരി 26-ന് വചനശുശ്രൂഷകളും ദിവ്യകാരുണ്യാരാധനയും നടന്നു. ജോർഡി ആക്കൽ ശുശ്രൂഷകൾ നയിച്ചു.

### 10. വചനശുശ്രൂഷയും ആരാധനയും - അന്തീനാട്

അന്തീനാട് ഇടവകയിൽ ഏകദിനവചനശുശ്രൂഷയും ദിവ്യകാരുണ്യആരാധനയും ജനുവരി 24-ന് നടന്നു. കുര്യൻ മാളിയേക്കൽ വചനശുശ്രൂഷകൾ നയിച്ചു.

### 11. രാത്രി ആരാധന

രൂപതാതല രാത്രിആരാധന ജനുവരി 30-ന് ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ നടന്നു. ബാബു തട്ടാംപറമ്പിൽ, സാബു കോഴിക്കോട്ട്, ജയിംസ് മാറാട്ടുകുളം, ജാൻസ് സക്കറിയാസ് എന്നിവർ നയിച്ചു.

## 27-മത് ബൈബിൾ കൺവൻഷന് സന്യാസിനി സമൂഹങ്ങളിൽ നിന്നുള്ള സംഭാവനകൾ

1. എഫ്.സി.സി. കോൺഗ്രിഗേഷൻ പാലാ, പ്രോവിൻസ് - 10,000
2. എഫ്.സി.സി. കോൺഗ്രിഗേഷൻ ഭരണങ്ങാനം പ്രോവിൻസ് - 15,000
3. എസ്.എച്ച്. പ്രോവിൻസ്, പാലാ - 10,000
4. സി.എം.സി. പ്രോവിൻസ്, പാലാ - 10,000
5. എസ്.എ.ബി.എസ്. പ്രോവിൻസ്, പാലാ - 10,000
6. സെന്റ് മാർത്താസ് ജനറലേറ്റ് പാലാ - 5,000
7. ഡി.എസ്.റ്റി. ജനറലേറ്റ് ഭരണങ്ങാനം - 5,000
8. എസ്.എച്ച്. ജനറലേറ്റ് കോട്ടയം - 5,000

### 27-ാമത് ബൈബിൾ കൺവൻഷന് ഏറ്റവും കൂടുതൽ സംഭാവന ശേഖരിച്ച വ്യക്തികൾ

I റവ. സി. രഞ്ജിനി സി.എം.സി. പ്രവിത്താനം - 17161

II റവ. സി. നേബർട്ട് സി.എം.സി. പ്രവിത്താനം - 17050

**ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടേഴ്സ്)**

# കെ.സി.എസ്.എൽ

വിശ്വാസം, പഠനം, സേവനം

### 1. കെ.സി.എസ്.എൽ. പ്രവർത്തനങ്ങളിൽ സംസ്ഥാനതലത്തിൽ പാലാ രൂപത ഒന്നാമത്

ജനുവരി 9-ാം തീയതി കോതമംഗലത്തുവച്ച് നടത്തപ്പെട്ട സംസ്ഥാന കെ.സി.എസ്.എൽ. കലോത്സവത്തിൽ പാലാ രൂപത ഓവറോൾ കിരീടം നേടി. ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒന്നാംസ്ഥാനവും ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനവും യു.പി. വിഭാഗത്തിൽ മൂന്നാംസ്ഥാനവും കരസ്ഥമാക്കി. ഇരുന്നൂറ്റി അൻപതിലധികം പോയിന്റുകൾ കരസ്ഥമാക്കിയാണ് പാലാ രൂപത ഒന്നാം സ്ഥാനത്തെത്തിയത്.

### 2. 'കളരി' സംസ്ഥാനത്തെ ഏറ്റവും നല്ല ഹൗസ് മാഗസിൻ

കുട്ടികൾക്കായി കെ.സി.എസ്.എൽ. രൂപതാഘടകങ്ങൾ പ്രസിദ്ധീകരിക്കുന്ന മാഗസിനുകളിൽ ഏറ്റവും നല്ല മാഗസിനായി കെ.സി.എസ്.എൽ. പാലാ പ്രസിദ്ധീകരിക്കുന്ന 'കളരി' മാഗസിൻ തെരഞ്ഞെടുക്കപ്പെട്ടു.

### 3. സംസ്ഥാനതല കെ.സി.എസ്.എൽ., എച്ച്.എസ്.എസ്. ബെസ്റ്റ് യൂണിറ്റ്

സംസ്ഥാനതലത്തിൽ ഹെസ്കൂൾ വിഭാഗത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച സ്കൂളിനുള്ള സമ്മാനം വാകക്കാട് സെന്റ് അൽഫോൻസാ ഗേൾസ് ഹൈസ്കൂൾ സ്വന്തമാക്കി.

### 4. സ്കൂൾ ധ്യാനം

ജനുവരി 15, 16 തീയതികളിൽ കുറവിലങ്ങാട് ഗേൾസ് ഹൈസ്കൂൾ കുട്ടികൾക്കായി ധ്യാനം നടത്തപ്പെട്ടു. ധ്യാനത്തിന് ഫാ. തോമസ് പനയ്ക്കക്കുഴി, ഫാ. ജോസഫ് അരിമറ്റത്തിൽ, പ്രകാശ് മാത്യു, ബാബു തട്ടാംപറമ്പിൽ, റോയി, എമ്മാനുവേൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. തോമസ് പനയ്ക്കക്കുഴി, ഡയറക്ടർ**

# കെ.സി.വൈ.എം.

### 1. ഗ്ലോറിയ - 09

കെ.സി.വൈ.എം. പാലാ രൂപതയുടെയും എസ്.ജി. സി. ചാനലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കരോൾഗാനമത്സരം 'ഗ്ലോറിയ-09' ൽ ഒന്നാംസമ്മാനം തിടനാട് യൂണിറ്റും, രണ്ടാം സമ്മാനം പൂഞ്ഞാർ യൂണിറ്റും, മൂന്നാം സമ്മാനം അരുവിത്തുറ, ചെമ്മലമറ്റം യൂണിറ്റുകളും കരസ്ഥമാക്കി. വിജയികൾക്കുള്ള സമ്മാനദാനം റവ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ നിർവ്വഹിച്ചു.

## 2. രൂപതാവാർഷികം

2009 വർഷത്തെ കെ.സി.വൈ.എം. പ്രവർത്തനങ്ങളുടെ അവലോകനവും വാർഷികവും 2009 ഡിസംബർ 27-ാം തീയതി ഉച്ചകഴിഞ്ഞ് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. വാർഷികത്തിൽ രൂപതയിലെ മികച്ച പ്രവർത്തകനായി കാഞ്ഞിരത്താനം യൂണിറ്റിലെ ബിജുവിനെയും, പ്രവർത്തകയായി കോതനല്ലൂർ യൂണിറ്റിലെ ബിൻസിയേയും തെരഞ്ഞെടുത്ത് ആദരിച്ചു. കലാരംഗത്ത് തങ്ങളുടെ മികവ് തെളിയിച്ചവർക്ക് സർട്ടിഫിക്കറ്റും സമ്മാനങ്ങളും വിതരണം ചെയ്തു. രൂപതാ ചാൻസലർ റവ. ഡോ. ഡൊമിനിക് വെച്ചൂർ വാർഷികോദ്ഘാടനവും സമ്മാനദാനചടങ്ങും നിർവ്വഹിച്ചു. കലാമത്സരത്തിൽ അരുവിത്തുറ മേഖല ഓവറോൾ കരസ്ഥമാക്കി.

## 3. രൂപതാ ഇലക്ഷൻ

കെ.സി.വൈ.എം. 2010 പ്രവർത്തനവർഷത്തിലെ നവനേതൃനിരയെ കണ്ടെത്തുന്നതിനുള്ള രൂപതാ ഇലക്ഷൻ ക്യാമ്പ് ജനുവരി 10-ന് മൂന്നുമണിക്ക് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത ക്യാമ്പിൽ വച്ച് രൂപതാ പ്രസിഡന്റായി സിബി കിഴക്കേലും, വൈസ് പ്രസിഡന്റുമാരായി അനു പല്ലാങ്കൽ, റോബിൻ പോൾ പൊരിയത്ത് എന്നിവരും ജനറൽ സെക്രട്ടറിയായി ഷിജോ ചെന്നേലിയും, ജോ. സെക്രട്ടറിയായി ജിലുവും, ട്രഷററായി റോണിയും, സിൻഡിക്കേറ്റ് അംഗങ്ങളായി സിജു കണ്ണംതറപ്പിൽ, ആർലിൻ പെരിയപ്പുറത്ത് എന്നിവരും രൂപതാ ഓർഗനൈസറായി മിന്റു പുല്ലാട്ടും, സെനറ്റ് മെമ്പേഴ്സായി ഡാനി പാറയിൽ, ആഷ മച്ചിയിൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. പുതിയ ഭാരവാഹികൾക്ക് അനുമോദനങ്ങൾ! ആശംസകൾ!

## 4. വൈ.എ.റ്റി.പി.

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ജനുവരി 25, 26 തീയതികളിൽ മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു.

## 5. വാർഷിക സെനറ്റ്

2010 ജനുവരി 14, 15, 16, 17 തീയതികളിൽ കോഴിക്കോട് നവജ്യോതിസ് റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെട്ട വാർഷികസെനറ്റിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് ജോ. ഡയറക്ടർ സി. ലിനി എസ്.എം.എസ്., രൂപതാ പ്രസിഡന്റ് സിബി കിഴക്കേൽ, അനു പല്ലാങ്കൽ, സിജു കണ്ണംതറപ്പേൽ, ഡാനി പാറയിൽ, ആഷ മച്ചിയിൽ, തോമസ് പുളിക്കൻ എന്നിവർ സംബന്ധിച്ചു.

## 6. നന്ദി... നന്ദി... നന്ദി...

'യുവജനം വിശ്വാസതീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന്' എന്ന പഠനവിഷയത്തെ ആസ്പദമാക്കി കഴിഞ്ഞ ഒരു വർഷക്കാലം രൂപതയിലെ കെ.സി.വൈ.എം. സംഘടനയിൽ കർമ്മനിരതരായി പ്രവർത്തിച്ച രൂപതാ ഭാരവാഹികൾക്ക് ഏറ്റവും ഹൃദ്യമായ നന്ദി അറിയിക്കുന്നു. ഒപ്പം രൂപതാ എക്സിക്യൂട്ടിവിനോട് ചേർന്ന് സംഘടനയെ വിജയത്തിലെത്തിക്കാൻ യത്നിച്ച എല്ലാവർക്കും നന്ദി...

**ഫാ. ജോസഫ് ആലഞ്ചേരി (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തോലേറ്റ്

**1. വൈദികവർഷാചരണം**

ജനുവരി 11 - തീക്കോയി മേഖല

ജനുവരി 12 - പൂഞ്ഞാർ മേഖല

ജനുവരി 16 - മുട്ടുചിറ മേഖല

ജനുവരി 17-ന് രൂപതാ സമിതി ചേർന്നു. ഇനിയും വൈദികവർഷാചരണം നടത്തുവാനുള്ള മേഖലകളിൽ അതു നടത്തുവാനുള്ള നിർദ്ദേശം കൊടുത്തു. വാർഷിക റിപ്പോർട്ട് യൂണിറ്റ്, മേഖലാതലങ്ങളിൽ സമർപ്പിക്കുന്നതിനുള്ള ഫോറം വിതരണം ചെയ്തു.

രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ നടുത്തടത്തിന്റെ നാമഹേതുകത്തിരുന്നാൾ രൂപതാസമിതി ഒന്നുചേർന്ന് ആഘോഷിച്ചു.

**2. വിവാഹഒരുക്കസെമിനാർ**

പാലാ രൂപതാ ഫാമിലി സെന്റർ വഴി നടത്തിവരുന്ന വിവാഹഒരുക്കസെമിനാർ 2010 ജനുവരി 7 മുതൽ 10 വരെയും 26 മുതൽ 28 വരെയും തീയതികളിലായി നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലുമായി 335 പേർ പങ്കെടുക്കുകയും സർട്ടിഫിക്കറ്റ് നേടുകയും ചെയ്തു.

ഫെബ്രുവരി മാസത്തെ സെമിനാർ 9-ാം തീയതി മുതൽ 11-ാം തീയതി വരെയും, 23-ാം തീയതി മുതൽ 25-ാം തീയതിവരെയും നടക്കുന്നതാണ്.

**3. സാന്ത്വനകൗൺസലിംഗ്**

പാലാ രൂപതാ സാന്ത്വന കൗൺസിലിംഗ് സെന്റർ വഴിയായി ഡിസംബർ മാസത്തിൽ 59 പേർക്ക് കൗൺസിലിംഗിനുള്ള സൗകര്യം നല്കുകയുണ്ടായി.

**ഫാ. സെബാസ്റ്റ്യൻ നടുത്തടം (ഡയറക്ടർ**

**ഫാ. തോമസ് ഇടയാൽ (അസി. ഡയറക്ടർ)**

# ഡി. സി. എം. എസ്.

## 1. ലീഡേഴ്സ് ക്യാമ്പ്

ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ മാതാപിതാക്കൾക്കായി നടത്തിവരുന്ന ലീഡേഴ്സ് ക്യാമ്പ് പാലാ, രാമപുരം, അരുവിത്തുറ, ചേർപ്പുങ്കൽ, ഭരണങ്ങാനം എന്നീ മേഖലകൾക്ക് 2010 ജനുവരി 16, 17 തീയതികളിൽ ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തി. കുറവിലങ്ങാട്, മുട്ടുചിറ, തുടങ്ങനാട് എന്നീ മേഖലകൾക്ക് 2010 ജനുവരി 23, 24 തീയതികളിൽ ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു.

## 2. റിസോഴ്സ് ടീം ക്യാമ്പ്

ഡി.സി.എം.എസ്. പാലാ രൂപത യുവജനങ്ങൾക്കായി നടത്തിവരുന്ന റിസോഴ്സ്

ടീം ട്രെയിനിംഗ് ക്യാമ്പ് 8-ാമത് ബാച്ചിന്റെ അവസാന ക്യാമ്പ് 8, 9, 10 തീയതികളിൽ കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്നു. ഈ ക്യാമ്പിൽ 22 കുട്ടികൾ പങ്കെടുത്തു.

റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ് 9-ാമത് ബാച്ച് ജൂണിൽ ആരംഭിക്കും.

### 3. കുടുംബസംഗമം

പാളയം ഇടവകയിൽ ഡി.സി.എം.എസ്. കുടുംബസംഗമം നടത്തി.

***ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ (ഡയറക്ടർ)***

## സോഷ്യൽ വെൽഫെയർ സൊസൈറ്റി

### 1. 27 ലക്ഷം വിതരണം ചെയ്തു

കെ.എസ്.ബി.സി.ഡി.സി. യുടെ മൈക്രോ ഫൈനാൻസ് പ്രോഗ്രാമിന്റെ സഹകരണത്തോടെ പി.എസ്.ഡബ്യു.എസ്. ആവിഷ്കരിച്ച 'ബെഡ്മ' വായ്പാപദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്ന എസ്.എച്ച്.ജി. അംഗങ്ങൾക്കായി 27 ലക്ഷം രൂപാ വിതരണം ചെയ്തു. ഷലോം ഓഡിറ്റോറിയത്തിൽ പി.എസ്.ഡബ്യു.എസ്. ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ ആദ്ധ്യക്ഷ്യം വഹിച്ച സമ്മേളനത്തിൽ കെ.എസ്.ബി.സി.ഡി.സി. മാനേജിംഗ് ഡയറക്ടർ ഐ. എ. ചാക്കോ പദ്ധതി ഉദ്ഘാടനവും കെ.എസ്.ബി.സി.ഡി.സി. ജില്ലാ മാനേജർ കെ. വി. മാത്യു വായ്പാ വിതരണവും നിർവ്വഹിച്ചു.

### 2. ലക്ഷ്യാവബോധക്ലാസ്

സ്വാശ്രയസംഘഭാരവാഹികൾക്കായി പി.എസ്.ഡബ്യു.എസ്. പാലാ റീജിയൺ അർദ്ധദിനലക്ഷ്യാവബോധക്ലാസ് സംഘടിപ്പിച്ചു. ഷലോമിൽ വച്ചു നടന്ന ക്ലാസ്സിന് ജില്ലാ ലൈബ്രറി കൗൺസിലംഗം പി.ജെ. ആന്റണി നേതൃത്വം കൊടുത്തു.

### 3. ക്രിസ്മസ് ആഘോഷം

പി.എസ്.ഡബ്യു.എസ്.ന്റെ വിവിധ സോണൽ റീജിയണൽ തലങ്ങളിൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. പാലായിൽ നടന്ന ആഘോഷപരിപാടിയുടെ ഭാഗമായി സംഘാംഗങ്ങൾക്കായി വിവിധ കലാ-സാംസ്കാരികമത്സരങ്ങൾ സംഘടിപ്പിച്ചു. ബെന്നി കോച്ചേരി (ദീപിക) ക്രിസ്മസ് സന്ദേശം നൽകി. വിജയികൾക്ക് ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

### 4. ആകാശവാതിൽ വീണ്ടും തുറക്കുന്നു

പി.എസ്.ഡബ്യു.എസിന്റെ സഫൈർ ജൂബിലി വർഷം ആവിഷ്കരിച്ചിരിക്കുന്ന വിമാനയാത്ര ഉൾപ്പെടുത്തിയുള്ള ഏകദിന ഉല്ലാസയാത്രയായ ആകാശയാത്രയുടെ പുതിയ ബാച്ചുകൾ ഫെബ്രുവരി 11 ന് പാലാ, 12 ന് മുട്ടുചിറ, 18 ന് അരുവിത്തുറ റീജിയണുകളിൽ നിന്ന് പുറപ്പെടുകയാണ്. മാർച്ച് മാസ ബാച്ചിലേക്ക് രജിസ്ട്രേഷൻ തുടരുന്നു.

**5. സോണൽ കൗൺസിൽ ഉദ്ഘാടനം**

പി.എസ്.ഡബ്യു.എസിന്റെ കുറവിലങ്ങാട് സോണൽ പ്രൊമോഷൻ കൗൺസിൽ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. കുറവിലങ്ങാട് ഫൊറോനാവികാരി റവ. ഡോ. ജോസഫ് മലേപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ വികാരി ജനറാൾ മോൺ. ഫിലിപ്പ് ഞരളക്കാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. പി.എസ്.ഡബ്യു.എസ്. ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ മുഖ്യപ്രഭാഷണം നടത്തി. സ്വാശ്രയസംഘാംഗങ്ങളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**6. വാർഷികാഘോഷം**

പൈങ്ങുളം, തുടങ്ങനാട്, നമ്പ്യാകുളം തുടങ്ങി വിവിധ സ്വാശ്രയസംഘങ്ങളുടെ വാർഷികം ആഘോഷിച്ചു.

**7. നിയമബോധനസെമിനാറുകൾ**

സ്ത്രീശാക്തീകരണപരിപാടിയുടെ ഭാഗമായി സ്വാശ്രയസംഘടനയുടെ നേതൃത്വത്തിൽ 140 കേന്ദ്രങ്ങളിൽ നിയമബോധനസെമിനാറുകൾ സംഘടിപ്പിക്കുന്നു.

**8. എസ്.എൽ.എഫ്. സഹായധനം വിതരണം ചെയ്തു**

വികലാംഗക്ഷേമപദ്ധതിയായ എസ്.എൽ.എഫ്. പ്രകാരം വിദ്യാർത്ഥികൾക്ക് ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമായി മൂന്നരലക്ഷം രൂപാ വിതരണം ചെയ്തു.

**9. മുയലും വീടും പദ്ധതി**

പി.എസ്.ഡബ്യു.എസിന്റെ മുയലും വീടും പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 37 സ്വാശ്രയസംഘങ്ങൾക്ക് സഹായം അനുവദിച്ചു.

**10. മുട്ടക്കോഴി വിതരണം**

'എഗ്ഗ് ഏൺ' പദ്ധതിയുടെ ഭാഗമായി വിവിധ സ്വാശ്രയസംഘങ്ങളിൽ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

**11. കൂവപ്പൊടി വിപണനത്തിലേക്ക്**

മുട്ടുചിറയിൽ ആരംഭിച്ച സിയോൻ കൂവപ്പൊടി നിർമ്മാണ യൂണിറ്റിൽ കൂവപ്പൊടിയുടെ സംസ്കരണപരിപാടികൾ പുരോഗമിക്കുന്നു. ഉടൻ വിപണിയിൽ എത്തിതുടങ്ങും.

**12. ടാങ്ക് വിതരണം**

'വിൻ വിൻ ഇൻസ്റ്റാൾമെന്റ്' പദ്ധതിപ്രകാരം 500, 1000 സംഭരണശേഷിയുള്ള മേൽത്തരം 'സിഗ്മ' ടാങ്കുകൾ സ്വാശ്രയസംഘങ്ങളിലൂടെ വിതരണം ചെയ്തുവരുന്നു.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

# പാലാ കമ്മ്യൂണിക്കേഷൻസ്

## 1. Palaicom.com ഇന്റർനെറ്റ് റേഡിയോ ആരംഭിച്ചു

പാലാ കമ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിൽ ആരംഭിച്ച www.palaicom.com ഇന്റർനെറ്റ് റേഡിയോയുടെ സിച്ച്ഓൺ കർമ്മം 2010 ജനുവരി 1-ാം തീയതി ഷലോം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ദേവസ്യാച്ചൻ കൊല്ലംപറമ്പിൽ നിർവ്വഹിച്ചു. പ്രഭാഷണങ്ങൾ, വി. കുർബാന, ജപമാല, വചനസന്ദേശം, സംഗീതം തുടങ്ങിയ വിവിധ പരിപാടികൾ ഇന്റർനെറ്റ് റേഡിയോയിലൂടെ ലഭിക്കുന്നതാണ്.

## 2. ലൈവ് വെബ് സ്ട്രീമിംഗ് Palaicom.com ലൂടെ

നമ്മുടെ നാട്ടിൽ നടക്കുന്ന ആഘോഷങ്ങൾ, തിരുനാളുകൾ, പൊതുപരിപാടികൾ, വിവാഹം, മൃതസംസ്കാരം, തുടങ്ങിയവ ഇന്റർനെറ്റിലൂടെ തത്സമയം സംപ്രേഷണം ചെയ്യുന്നതിനുള്ള സൗകര്യം Palaicom.com ൽ ഒരുക്കിയിട്ടുണ്ട്. 2010 ജനുവരി 17-ാം തീയതി മീനച്ചിൽ പള്ളിയിലെ തിരുനാൾ palaicom.com വഴി ഇന്റർനെറ്റിൽ തത്സമയം സംപ്രേഷണം ചെയ്തു. തത്സമയ സംപ്രേഷണം സംബന്ധിച്ചുള്ള വിശദവിവരങ്ങൾക്ക് പാലാ കമ്യൂണിക്കേഷൻസ് ഓഫീസുമായി ബന്ധപ്പെടുക.

## 3. ശലഭക്കാഴ്ചകൾ അരങ്ങിലേക്ക്

പാലാ കമ്യൂണിക്കേഷൻസിന്റെ 13-ാമത് നാടകം 'ശലഭക്കാഴ്ചകൾ' അണിയറയിൽ അവസാനവട്ട മിനുക്കുപണികളോടെ അണിഞ്ഞൊരുങ്ങുന്നു. 2010 ഫെബ്രുവരി അവസാനം പുറത്തിറക്കുന്ന ഈ നാടകം നമ്മുടെ രൂപതയിലെ സൺഡേ സ്കൂളുകളിൽ അവതരിപ്പിക്കാൻ പാകത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്.

## 4. പാലാ കമ്യൂണിക്കേഷൻസ് ഗാനമേള ട്രൂപ്പിന് സ്വന്തം സൗണ്ട് സിസ്റ്റമായി

അത്യാന്താധുനികരീതിയിലുള്ള 12000 വാട്സ് സൗണ്ട് സിസ്റ്റം സ്വന്തമാക്കി ഗാനമേള ട്രൂപ്പ് ജൈത്രയാത്ര തുടരുന്നു. സൗണ്ട് സിസ്റ്റത്തിന്റെ വെഞ്ചരിപ്പ് കർമ്മം 2010 ജനുവരി 4-ാം തീയതി രാമപുരം സെന്റ് അഗസ്റ്റിൻസ് ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽവച്ച് രാമപുരം ഫൊറോനാപ്പള്ളി വികാരി വെരി. റവ. ഡോ. ജോർജ് ഞാറക്കുന്നേൽ നിർവ്വഹിച്ചു.

## 5. വ്യക്തിത്വവികസനം രംഗവേദിയിലൂടെ

മധ്യവേനലവധിക്കാലത്ത് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി അരങ്ങിലെ നടനക്കാഴ്ചകളുടെ സഹായത്തോടെ പഞ്ചദിന വ്യക്തിത്വവികസന ക്യാമ്പ് പാലാ കമ്യൂണിക്കേഷൻസ് സംഘടിപ്പിക്കുന്നു. അഭിനയം, നാടകം, നൃത്തം തുടങ്ങിയവയിൽ താത്പര്യമുള്ള 50 കുട്ടികൾക്ക് ഈ ശില്പശാലയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് പാലാ കമ്യൂണിക്കേഷൻസ് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ (ഡയറക്ടർ)**

# ഫ്രാൻസിസ്കൻ അത്മായസഭ

## 1. ഭരണങ്ങാനം മേഖലാസമ്മേളനം

ഫ്രാൻസിസ്കൻ അൽമായസഭ ഭരണങ്ങാനം മേഖലാസമ്മേളനം 2010 ജനുവരി 9–ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് പൈക സെന്റ് ജോസഫ് പാരീഷ് ഹാളിൽ നടത്തപ്പെട്ടു. 1.30 ന് മദ്ധ്യാഹ്നപ്രാർത്ഥന. രണ്ടിന് ചേർന്ന സമ്മേളനത്തിൽ മേഖലാപ്രസിഡന്റ് ടോമി കെ. മാത്യു കളപ്പുരയ്ക്കൽ അദ്ധ്യക്ഷം വഹിച്ചു. വികാരി റവ. ഫാ. ജോർജ് മണ്ഡപത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ, ആൻഡ്രൂസ് ജയിംസ് ആക്കക്കുന്നേൽ, ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തിൽ ഇടവകാംഗങ്ങളായ നവവൈദികർക്ക് ഹൃദ്യമായ സ്വീകരണം നൽകി. റവ. ഫാ. ജേക്കബ് മുരിക്കൻ ക്ലാസ് നയിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ചകൾക്കുശേഷം സ്നേഹവിരുന്നോടെ സമ്മേളനം അവസാനിച്ചു.

## 2. വിവാഹസഹായകമ്മിറ്റി

വിവാഹസഹായനിധിയുടെ കമ്മറ്റിയോഗം 2010 ജനുവരി 12–ന് രാവിലെ 10.30 ന് ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ ചേർന്നു. വിവിധ യൂണിറ്റുകളിൽനിന്നും ലഭിച്ച 17 അപേക്ഷകൾ സഹായത്തിനായി പരിഗണിച്ചു.

## 3. രൂപതാ ഏകദിന സെമിനാർ

ഫ്രാൻസിസ്കൻ അൽമായ സഭ രൂപതാ ഏകദിനസെമിനാറും, സമ്മേളനവും 2010 ജനുവരി 16–ന് ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ നടത്തപ്പെട്ടു. 9.30 ന് പ്രഭാതപ്രാർത്ഥന നടത്തി. 10–ന് ചേർന്ന സമ്മേളനം അരുവിത്തുറ ഫൊറോനാവികാരി റവ. ഫാ. ജോസഫ് പാമ്പാറ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ അദ്ധ്യക്ഷം വഹിച്ചു. സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ, അഡ്വ. മാത്യു മാന്തറ, കെ.വി. തങ്കച്ചൻ കൊച്ചുപുഞ്ചയിൽ, ടോമി കെ. മാത്യു കളപ്പുരയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തിൽ കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി പൈക, മൂഴൂർ, തീക്കോയി എന്നീ യൂണിറ്റുകൾക്കുള്ള പ്രോത്സാഹനസമ്മാനവിതരണവും, വിവാഹസഹായധനവിതരണവും ബഹു. അരുവിത്തുറ ഫൊറോനാ വികാരി നിർവ്വഹിച്ചു. 11.30 ന് റവ. ഫാ. ചാക്കോ മണ്ണിശേരി കപ്പൂച്ചിൻ നയിച്ച ക്ലാസ്. തുടർന്ന് സ്നേഹവിരുന്ന് നടത്തപ്പെട്ടു.

ഉച്ചകഴിഞ്ഞ് രണ്ടിന് ചർച്ചകൾക്കുശേഷം ദിവ്യബലിയോടെ സമ്മേളനം അവസാനിച്ചു.

## 4. നോമ്പുകാലധ്യാനം – 1

ഫ്രാൻസിസ്കൻ അത്മായസഭയിലെ അംഗങ്ങൾക്കു മാത്രമായി 2010 ഫെബ്രുവരി 19, 20 തീയതികളിൽ ഭരണങ്ങാനം അസ്സീസി ആശ്രമദേവാലയത്തിൽ നോമ്പുകാല

ധ്യാനം നടത്തപ്പെടുന്നു. 19-ന് രാവിലെ 9.30 മുതൽ 20-ന് വൈകുന്നേരം 4 വരെ യാണ് ധ്യാനം. റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ ധ്യാനം നയിക്കുന്നതാണ്.

**5. നോമ്പുകാലധ്യാനം - 2**

കൂട്ടിക്കൽ, പറത്താനം, ഏന്തയാർ എന്നീ യൂണിറ്റുകളിലെ അംഗങ്ങൾക്കുവേണ്ടി 2010 ഫെബ്രുവരി 26, 27 തീയതികളിൽ മുണ്ടക്കയം പാദ്രേപീയോ കപ്പൂച്ചിൻ ആശ്രമ ത്തിൽ ധ്യാനം നടത്തപ്പെടുന്നതാണ്.

**ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ**

# നിര്യാതയായി

## സി. റോസ്മി വയലിൽ എഫ്.സി.സി.

പാലാ എഫ്.സി.സി. മിഷൻ ഭവൻ അംഗമായ സി. റോസ്മി വയ ലിൽ (56, ജലന്തർ പ്രോവിൻസ്) 8-1-2010 വെള്ളിയാഴ്ച വൈകു ന്നേരം 4.45 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ജലന്തർ രൂപത യുടെ മുൻബിഷപ്, മാർ സിംഫോറിയൻ കീപ്പുറത്തു പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലും അനേകം ആളുകളുടേയും സിസ്റ്റേഴ്സിന്റേയും വൈദികരുടേയും സാന്നിധ്യത്തിലും മൃതദേഹം അരുണാപുരം പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. മരിയൻ സെന്ററിൽ നേഴ്സായിരുന്ന സിസ്റ്റർ, പഞ്ചാബിൽ 13 വർഷം മിഷനറിയായി സേവനമനുഷ്ഠിച്ചിട്ടു ണ്ട്. അത്ഭുതരോഗശാന്തിയിലൂടെ തിരുവചനത്തിന്റെ അഭിഷേകം ലഭിച്ച സിസ്റ്റർ ജീവിതാവസാനം വരെ പ്രാർത്ഥനയും കൗൺസെലിംഗും നടത്തി ധാരാളംപേരെ ഈശോയിലേക്കടുപ്പിച്ചു. പ്രാർത്ഥനയുടെ വ്യക്തിയായി, തീരാരോഗത്തിന്റെ സഹനങ്ങൾ രക്ഷാ കരമാക്കി രൂപതാ ഇവാഞ്ചലൈസേഷന്റെ വിജയത്തിനായി പ്രവർത്തി ച്ചിരുന്ന സി. റോസ്മിയുടെ പാവനസ്മരണയ്ക്കുമുന്നിൽ ആദരാഞ്ജ ലികൾ !



# പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ

## റവ. ഫാ. അബ്രാഹം പാറപ്പുറം



മുട്ടുചിറ ഇടവകയിൽ പാറപ്പുറം കുടുംബത്തിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകനായ അബ്രാഹമച്ചൻ 1929 ഏപ്രിൽ 26-ാം തീയതി ജനിച്ചു. സെന്റ് ആഗ്നസ് എം. എം.എസ്. മുട്ടുചിറ, സെന്റ് മേരീസ് എം.എം.എസ്. കാഞ്ഞിരപ്പള്ളി, സെന്റ് മേരീസ് എച്ച്.എസ്. കുറവിലങ്ങാട് എന്നിവിടങ്ങളിൽ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. സി.എ.എസ്. കോളജിലെ ഇന്റർമീഡിയറ്റ് പഠനത്തിനു ശേഷം ചങ്ങനാശേരി പാറേൽ സെന്റ് തോമസ് മൈനർ സെമിനാരിയിൽ ചേർന്നു. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1953 ഡിസംബർ 8-ാം തീയതി ആലുവായിൽവച്ച് അഭിവന്ദ്യ കാർഡിനൽ ടിസറന്റ് തിരുമേനിയിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ച് പുരോഹിതനായി അഭിഷിക്തനായി.

രൂപതയിലെ തീക്കോയി പള്ളിയിൽ അസി. വികാരിയായി സേവനമനുഷ്ഠിച്ച അച്ചൻ അയ്യമ്പാറ, രത്നഗിരി, നീലൂർ, തോടനാൽ, കടനാട്, അരുവിത്തുറ, ഇലഞ്ഞി, കൊഴുവനാൽ, മുണ്ടാങ്കൽ, കാഞ്ഞിരപ്പള്ളി രൂപതയിലെ വഞ്ചിമല എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. പറത്താനം സീവ്യൂ എസ്റ്റേറ്റിൽ മാനേജരായും മുട്ടുചിറ ഹോളി ഗോസ്റ്റ് ഹോസ്പിറ്റലിന്റെ ഡയറക്ടർ ആയും സേവനമനുഷ്ഠിച്ച അച്ചൻ 2004-ൽ റിട്ടയർ ചെയ്തു. അജഗണങ്ങളുടെ ആദ്ധ്യാത്മികോന്നതിക്കുവേണ്ടി നിരന്തരം തീക്ഷ്ണതയോടെ അധ്വാനിച്ച അച്ചൻ 2010 ജനുവരി 23-ാം തീയതി രാവിലെ 4.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

മൃതസംസ്കാരശുശ്രൂഷകൾ 2010 ജനുവരി 25-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് എം.എസ്.ടി. സഭയുടെ ഡയറക്ടർ ജനറാൾ ആയ പെരിയ ബഹുമാനപ്പെട്ട ജെയിംസ് അത്തിക്കളം അച്ചന്റെ നേതൃത്വത്തിൽ വീട്ടിൽ ആരംഭിച്ചു. തുടർന്ന് 2.30 ന് മുട്ടുചിറ ഹോളി ഗോസ്റ്റ് ഫൊറോനാപ്പള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ സാന്നിധ്യത്തിലും ദിവ്യബലിയും മൃതസംസ്കാരശുശ്രൂഷകളും നടന്നു. അച്ചന്റെ ബന്ധുമിത്രാദികൾക്കും പ്രിയപ്പെട്ടവർക്കും പാലാ രൂപതയുടെ അനുശോചനം അറിയിക്കുന്നു. നമുക്ക് ബഹു. അബ്രാഹമച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

---

പരേതനായ ബഹു. അബ്രാഹം അച്ചനുവേണ്ടി എല്ലാ എ.ഡി.സി.പി. അംഗങ്ങളും വി. കുർബാന അർപ്പിക്കേണ്ടതാണ്.

**എ.ഡി.സി.പി. സെക്രട്ടറി**

# PRAYER DAY (REF. VOL. XXXV NO.1)

## (2010 February. 12 - 2010 March. 13)

**Rev. Fathers, Very Rev. Fathers**

| | | |
|---|---|---|
| 1. | Thekkel Kurian | Febr. 12 |
| 2. | Thekkel Mathew | 13 |
| 3. | Thekkel Joseph (Sr) | 14 |
| 4. | Thekkel Joseph (Jr) | 15 |
| 5. | Thekkemury George | 16 |
| 6. | Thekkumcherikunnel Sebastian | 17 |
| 7. | Thekkumkattil Manuel | 18 |
| 8. | Thelly Jose | 19 |
| 9. | Thengumpally Antony | 20 |
| 10 | Thengumpallil Joseph | 21 |
| 11. | Thengumpally Sebastian | 22 |
| 12. | Theruvath Augustine | 23 |
| 13. | Theverkunnel Mathew | 24 |
| 14. | Tholanickal Joseph | 25 |
| 15. | Thondamkulam Zacharias | 26 |
| 16. | Thondamkuzhy Mathew | 27 |
| 17. | Thonikuzhiyil Sebastian | 28 |
| 18. | Thottappally James | Mar. 1 |
| 19. | Thottumkal Thomas | 2 |
| 20. | Thottuvely John | 3 |
| 21. | Thottuvely Zacharias | 4 |
| 22. | Thudiamplackal Kuruvila | 5 |
| 23. | Thudiamplackal Sebastian | 6 |
| 24. | Thudippara Abraham | 7 |
| 25. | Thuruthel Sebastian | 8 |
| 26. | Thuruthiyil Abraham | 9 |
| 27. | Vadakara Joseph | 10 |
| 28. | Vadakkekara Michael | 11 |
| 29. | Vadakkekutt Joseph | 12 |
| 30. | Vadakkel Cyriac | 13 |

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽ നിന്ന്

## മാർ ജോസഫ് കല്ലറങ്ങാട്ട്

ജനുവരി 1

4.00 pm പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ ആരംഭിച്ച കോട്ടയം റവന്യു ജില്ല യുവജനോത്സത്തിൽ മുഖ്യ പ്രഭാഷണം നടത്തി.

5.00 pm അരുവിത്തുറ പള്ളിയിൽ പുതിയതായി നിർമ്മിച്ച കൊടിമരം വെഞ്ചിരിച്ച് സന്ദേശം നല്കി.

ജനുവരി 2

11.00 am പെരിങ്ങുളം പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

12.30 pm തീക്കോയി പള്ളിയിൽ നടന്ന ബഹു. പുല്ലാട്ട് അച്ചന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നല്കി.

ജനുവരി 4

11.15 am കിഴതടിയൂർ പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

ജനുവരി 5

സന്ദർശകരെ സ്വീകരിച്ചു.

01.45 pm കൈനകരി ഇടവകയിൽ നിര്യാതനായ ബഹു. കാളാശ്ശേരി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

ജനുവരി 6

10.00 am ദനഹ തിരുനാളിൽ കത്തീഡ്രൽ പള്ളിയിൽ റാസ കുർബാന അർപ്പിച്ചു.

03.30 pm പ്രവിത്താനം പള്ളിയിൽ പഞ്ഞിക്കുന്നേൽ തൊമ്മച്ചൻ ചേട്ടന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

05.00 pm മറ്റക്കര ഇടവകയിൽ പുതിയതായി പണിതീർത്ത പാരീഷ് ഹാൾ വെഞ്ചിരിച്ച് സന്ദേശം നല്കി.

ജനുവരി 7

9.30 am പൂഞ്ഞാർ ഇടവക ക്ലരീഷ്യൻ സഭാംഗം മങ്ങാട്ടുതാഴെ തോമസ് ശെമ്മാശന് തിരുപ്പട്ടം നല്കി.

02.30 pm തീക്കോയി ഇടവക ക്ലരീഷ്യൻ സഭാംഗം പുത്തേട്ട് ജോ ശെമ്മാശന് തിരുപ്പട്ടം നല്കി.

ജനുവരി 8

03.30 pm അരമനയിൽ നടന്ന സെന്റ് തോമസ് കോളേജിന്റെ മാനേജ്മെന്റ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

04.30 pm അരുണാപുരം മരിയൻ ഹോസ്പിറ്റലിൽ രോഗീസന്ദർശനം നടത്തി.

06.45 am പാലാ വിൻസെൻഷ്യൻ ആശ്രമത്തിൽ കർത്താവിൽ നിദ്രപ്രാപിച്ച ബഹു. ലെയോപോൾഡ് ഒറ്റപ്ലാക്കലച്ചന്റെ മൃതശരീരത്തിനരുകിൽ ഒപ്പീസ് ചൊല്ലി സന്ദേശം നല്കി.

ജനുവരി 9

09.00 am മരങ്ങാട്ടുപള്ളി ഇടവകയിൽ പുതിയതായി പണിതീർത്ത പാരീഷ് ഹാൾ വെഞ്ചിരിച്ചു.

9.30 am മരങ്ങാട്ടുപള്ളി ഇടവക ക്ലരീഷ്യൻ സഭാംഗം കണ്ണംതറപ്പേൽ വർഗ്ഗീസ് ശെമ്മാശന് തിരുപ്പട്ടം നല്കി.

11.30 am രാമപുരം പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

02.30 pm തിടനാട് ഇടവക CRM സഭാംഗം പുന്നയ്ക്കൽ ജോസഫ് ശെമ്മാശന് തിരുപ്പട്ടം നല്കി

ജനുവരി 10

02.30 pm മുത്തോലപുരം ഇടവകയിൽ പുതിയതായി നിർമ്മിച്ച ദേവാലയകൂദാശാകർമ്മത്തിൽ പങ്കുചേരുകയും സന്ദേശം നല്കുകയും ചെയ്തു.

05.00 pm മുത്തോലപുരം ഇടവകയിൽ പുതിയതായി നിർമ്മിച്ച കൽകുരിശ്, കൊടിമരം, സിമിത്തേരി ചാപ്പൽ, പുതിയതായി നിർമ്മിച്ച ഭവനം മുതലായവ വെഞ്ചിരിച്ചു.

ജനുവരി 11-16

കെ.സി.ബി.സി. സിനഡിൽ പങ്കെടുത്തു.

ജനുവരി 17

04.00 pm പകലോമറ്റം അർക്കദിയാക്കോൻമാരുടെ മഹാസമാധിമണ്ഡപത്തിന്റെ ആശീർവാദവും തറവാടുപള്ളിയുടെ കൂദാശകർമ്മവും നടത്തി.

ജനുവരി 18

03.00 pm അരുവിത്തുറ പള്ളിയിൽ പെരിയ ബഹു. ഞരളക്കാട്ട് ഫിലിപ്പച്ചന്റെ പേരമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

ജനുവരി 19

09.00 am സന്ദർശകരെ സ്വീകരിച്ചു.

02.15 pm വാക്കാട് ഇടവകയിൽ നിര്യാതനായ ചുങ്കപ്പുരയിൽ മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് വീട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

03.00 pm നീലൂർ എൽ.പി. സ്കൂളിന്റെ 50-ാം ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു സന്ദേശം നല്കി.

06.00 pm അരമനയിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

ജനുവരി 20

08.00 am വയല പള്ളിയിൽ പുതിയതായി നിർമ്മിച്ച സിമിത്തേരി കപ്പേള വെഞ്ചിരിച്ചു സന്ദേശം നല്കി.

03.00 pm അരമനയിൽ നടന്ന SJCET യുടെ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

ജനുവരി 21

10.30 am സെന്റ് തോമസ് കത്തീഡ്രൽ TTI യുടെ പ്ലാറ്റിനം ജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നല്കി.

02.15 pm വെള്ളികുളം പള്ളിയുടെ കുരിശുപള്ളിയായി പുതിയതായി നിർമ്മിച്ച ദേവാലയം കൂദാശ ചെയ്തു സന്ദേശം നല്കി.

04.00 pm മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ നടന്ന ബഹു. വെള്ളാനിക്കലച്ചന്റെ ജൂബിലി ആഘോഷ മീറ്റിംഗിൽ പങ്കെടുത്തു സന്ദേശം നല്കി.

ജനുവരി 22

08.30 am സന്ദർശകരെ സ്വീകരിച്ചു.

04.00 ടൗൺ ഹാളിൽ നടന്ന RV തോമസ് അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു പ്രസംഗിച്ചു.

08.00 pm ഭരണങ്ങാനം അൽഫോൻസാ ഷ്രൈൻ സന്ദർശിക്കുകയും ഒരു മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

ജനുവരി 23

09.30 am ഭരണങ്ങാനം ഇടവക പാലാ രൂപതയ്ക്കുവേണ്ടിയുള്ള പൈകട അലക്സാണ്ടർ ശെമ്മാശന് തിരുപ്പട്ടം നല്കി.

11.30 am ഭരണങ്ങാനത്ത് ഒരു പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുത്തു.

ജനുവരി 23-24

കരൂർ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തുകയും പുനർനിർമ്മിച്ച ദേവാലയം കൂദാശ ചെയ്യുകയും ചെയ്തു.

ജനുവരി 25

11.00 am മുണ്ടാങ്കൽ പള്ളിയിൽ സി. മലേഷ്യാ കാനാട്ടിന്റെ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

02.30 pm മുട്ടുചിറ ഇടവകയിൽ കർത്താവിൽ നിദ്രപ്രാപിച്ച ബഹു. ജോസഫ് പാറപ്പുറം അച്ചന്റെ മൃതസംസ്കാര ശുശ്രൂഷ കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ജനുവരി 26

10.00 am കുറവിലങ്ങാട് പള്ളിയിൽ മൂന്ന് നോമ്പ് തിരുനാളിനോട് അനുബന്ധിച്ച് സുറിയാനിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

02.30 pm പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വിശ്വാസപരിശീലന കേന്ദ്രത്തിന്റെ വാർഷിക യോഗത്തിൽ പങ്കെടുത്ത് സന്ദേശം നല്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

05.30 pm ശാന്തിഗിരി പള്ളിയിൽ പുതിയതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചിരിച്ചു സന്ദേശം നല്കി.

08.00 pm മുണ്ടാങ്കൽ ഇടവകയിൽ ഭവനസന്ദർശനം നടത്തി.

ജനുവരി 27

11.00 am ഒരു വീടു വെഞ്ചിരിപ്പ് കർമ്മത്തിൽ പങ്കെടുത്തു.

ജനുവരി 28

10.00 am പാലാ അരമനയിൽ നടന്ന ഇന്റർ ഡയോസിഷൻ മീറ്റിംഗിൽ പങ്കെടുത്തു

ജനുവരി 29

09.00 am സന്ദർശകരെ സ്വീകരിച്ചു.

04.00 pm ചൂണ്ടശേരി സാൻജോസ് പബ്ലിക് സ്കൂളിന്റെ വാർഷികസമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നല്കി.

06.00 pm അറക്കുളം പഴയ പള്ളിയിൽ പുതിയതായി നിർമ്മിച്ച തിരുസ്വരൂപങ്ങൾ വെഞ്ചരിച്ച് സന്ദേശം നല്കി.

06.45 pm അറക്കുളം പുതിയ പള്ളി സന്ദർശിച്ചു.

08.30 am അരമനയിൽ നടന്ന സ്നേഹവിരുന്നിൽ രൂപതയുടെ നവവൈദികരെ അനുമോദിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ജനുവരി 30

11.45 am കാഞ്ഞിരത്താനം പള്ളിയിൽ ബഹു. വടക്കേമുകുളേലച്ചന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നല്കി.

02.30 pm നെല്ലിയാനിയിൽ നടന്ന ലയൺസ് ക്ലബിന്റെ നാഷണൽ സെമിനാറിൽ പ്രസംഗിച്ചു.

ജനുവരി 30–31

േഅന്ത്യാളം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

ജനുവരി 31

05.00 pm അരുവിത്തുറ പള്ളിയിൽ പുതിയതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചിരിച്ചു സന്ദേശം നല്കി.



# Bishop's Engagements

## Mar Joseph Kallarangatt

| | | |
|---|---|---|
| February 01-02 | | Kunnoth: Seminary Commission |
| 02-03 | | Mavelikara: Monthly Recollection |
| 04 | 10.30am | Pala: St.Thomas H.S. School |
| | 02.30 pm | Naadikunnu:Grotto Blessing (Francis Assisi Mission House) |
| | 05.00 pm | Moozhoor: Parish Day |
| 05 | | Priest's Day |
| | 11.00 am | Bishop's House: Calender Releasing |
| | 02.00 pm | Kozhuvanal Multimedia Office Blessing |
| | 03.00 pm | Bishop's House: CTE Management Body Meeting |
| | 05.00 pm | Kavaly: Chapel Blessing |
| 06 | 07.30 am | S.H. Provincial House Centenary |
| | 11.30 am | Ramapuram: Marriage Blessing |
| | 05.15 pm | Mattathipara: Blessing |
| 06-07 | | Neeloor: Pastorl Visit |
| 08 | 07. 00 am | Moolamattom: Holy Qurbana |
| 09 | | Visitor's Day |
| | 02.30 pm | Bharananganam: L.P. School |
| 10 | | Meeting: Meeting M.T. Seminary, Kottayam |
| 11 | | Hospital Meeting |
| 12 | | Priest's Day |
| | 03.00 pm | Bishop's House : ADARRT Meeting |
| 13 | | Reception: Claudio Cardinal Hummes |
| 14 | | Hospital Meeting |
| 15 | | Cathedral: Vibhoothi Thirunnal |
| | 06.30 pm | Pastoral Institute - ADARRT Meeting |
| 16-17 | | Out of Station |
| 18 | 02.30 pm | Kayoor: School Blessing |
| 19 | | Priest's Day |
| | 06.00 pm | Monthly Recollection |
| 20-21 | | Out of Station |
| 22 - March 08 | | Guwahati: CBCI Meeting |



